# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണീട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം (പി6)927/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണീട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണീട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണീട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം (പി6)927/2022 തീയ്യതി: 08/08/2022

## എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 18-05-2022 | 25-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-05-2022 | 25-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീജ ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
റഷീദ് സി.എം.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ബബിത ബി. കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശോഭ ഏലിയാസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ജോസഫ് വി.ജെ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| സീജ ജോസഫ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സന്ധ്യ കെ.എൻ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| സൗമ്യ ജി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ആഭരാജ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.വിപിൻ മോഹൻ റ്റി.എം | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ.ഷീബ തോമസ് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ.അഞ്ജു.വി.ഷൈനി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 23-01-2021 |
| ഡോ.ബിന്ദു.ബി.പണിക്കർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 23-01-2021 | 31-03-2021 |
| ഡോ.രഞ്ജിത് കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| രാജേശ്വരി വി.എൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-10-2020 |
| ബിനു തോമസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-11-2020 | 31-03-2021 |
| ബേബി കെ.സി | ഹെഡ്മാസ്റ്റർ(എൽ.പി.എസ്. ഏഴക്കരനാട്) | 01-04-2020 | 31-03-2021 |
| ലിൻഡ ഡിക്രൂസ് | വി.ഇ.ഒ(മണീട്) | 01-04-2020 | 31-03-2021 |
| ശിവൻ കെ.കെ | വി.ഇ.ഒ(മണീട്) | 01-04-2020 | 31-03-2021 |
| ജയ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Saly Joseph (Audit Officer (HG), On 18-05-2022)<br>Last Updated By: Raj N.C (Computer Assistant, On 04-08-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Babitha B Kumar (Senior Grade Auditor, On 25-05-2022)<br>Last Updated By: Raj N.C (Computer Assistant, On 04-08-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 25-05-2022)<br>Last Updated By: Raj N.C (Computer Assistant, On 04-08-2022) | 1-2-1 |
| 4 | സാംപത്തിക വിശകലനം<br>Written By: Saly Joseph (Audit Officer (HG), On 21-05-2022)<br>Last Updated By: Raj N.C (Computer Assistant, On 04-08-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Babitha B Kumar (Senior Grade Auditor, On 28-05-2022)<br>Last Updated By: Raj N.C (Computer Assistant, On 04-08-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Saly Joseph (Audit Officer (HG), On 21-05-2022)<br>Last Updated By: Raj N.C (Computer Assistant, On 04-08-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Babitha B Kumar (Senior Grade Auditor, On 25-05-2022)<br>Last Updated By: Raj N.C (Computer Assistant, On 04-08-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Saly Joseph (Audit Officer (HG), On 21-05-2022)<br>Last Updated By: Raj N.C (Computer Assistant, On 04-08-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Saly Joseph (Audit Officer (HG), On 21-05-2022)<br>Last Updated By: Raj N.C (Computer Assistant, On 04-08-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Saly Joseph (Audit Officer (HG), On 21-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 21-05-2022)<br>Last Updated By: Raj N.C (Computer Assistant, On 05-08-2022) | 1-10 |
| 12 | ഓഡിറ്റ് ഇംപാക്ക്റ്റ്<br>Written By: C.M.Rasheed (Asst. Audit Officer, On 27-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-11 |
| 13 | FTEA&OS ലൈസൻസ് ഫീസ് -അപാകതകൾ<br>Written By: Nabeel Muhammad Abbas (Auditor, On 02-06-2022)<br>Last Updated By: Raj N.C (Computer Assistant, On 05-08-2022) | 1-12 |
| 14 | തൊഴിൽ നികുതി – അപാകങ്ങൾ<br>Written By: Nabeel Muhammad Abbas (Auditor, On 02-06-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 1-13 |
| 15 | River Management Fund- ഒടുക്കുവാനുള്ള തുകയുടെ കൃത്യമായ കണക്കുകളില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 25-05-2022)<br>Last Updated By: Raj N.C (Computer Assistant, On 05-08-2022) | 1-14 |
| 16 | കിടാരിയെ വാങ്ങിയതിന് യൂണിറ്റ് കോസ്റ്റിനേക്കാൾ കൂടുതൽ തുക നല്കി<br>Written By: Babitha B Kumar (Senior Grade Auditor, On 25-05-2022)<br>Last Updated By: Raj N.C (Computer Assistant, On 05-08-2022) | 1-15 |
| 17 | അനുവദനീയമായ പരമാവധിയിലും കൂടുതൽ തുക സബ്സിഡി നല്കി | 1-16 |

| | | |
|---|---|---|
| | Written By: Babitha B Kumar (Senior Grade Auditor, On 25-05-2022)<br>Last Updated By: Raj N.C (Computer Assistant, On 05-08-2022) | |
| 18 | ഡാറ്റ തയ്യാറാക്കിയതിൽ ഏകരൂപമില്ല<br>Written By: C.M.Rasheed (Asst. Audit Officer, On 25-05-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 1-17 |
| 19 | ടോയ്‌ലറ്റ് അറ്റകുറ്റപ്പണി - അപാകതകൾ<br>Written By: C.M.Rasheed (Asst. Audit Officer, On 25-05-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 1-18 |
| 20 | ARWSS കുടിവെള്ള പദ്ധതി : പദ്ധതി പൂർത്തികരിച്ചില്ല.<br>Written By: Saly Joseph (Audit Officer (HG), On 01-06-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 1-19 |
| 21 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപനം<br>Written By: Saly Joseph (Audit Officer (HG), On 01-06-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 1-20 |
| 22 | കുടിവെള്ള വിതരണം: അപാകതകൾ<br>Written By: Saly Joseph (Audit Officer (HG), On 01-06-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 1-21 |
| 23 | മണീട് L.P സ്കൂളിന് ബോർവെൽ പമ്പ് സെറ്റ്<br>Written By: Saly Joseph (Audit Officer (HG), On 01-06-2022)<br>Last Updated By: Raj N.C (Computer Assistant, On 05-08-2022) | 1-22 |
| 24 | സമഗ്രതെങ്ങ് കൃഷി വികസനം<br>Written By: Saly Joseph (Audit Officer (HG), On 01-06-2022)<br>Last Updated By: Raj N.C (Computer Assistant, On 05-08-2022) | 1-23 |
| 25 | IKM വിഹിതം:വിനിയോഗവിവരം ഹാജരാക്കിയില്ല.<br>Written By: Saly Joseph (Audit Officer (HG), On 01-06-2022)<br>Last Updated By: Raj N.C (Computer Assistant, On 05-08-2022) | 1-24 |
| 26 | പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് -കുടിശ്ശിക<br>Written By: Saly Joseph (Audit Officer (HG), On 01-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-25 |
| 27 | മരാമത്ത് പ്രവൃത്തി - ആദായ നികുതി ടി.ഡി.എസ്. ഈടാക്കിയതിൽ കുറവ്<br>Written By: C.M.Rasheed (Asst. Audit Officer, On 25-05-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 1-26 |
| 28 | അങ്കണവാടി ഭക്ഷണവിതരണം - GST നല്കി<br>Written By: Babitha B Kumar (Senior Grade Auditor, On 25-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-27 |
| 29 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം - അപാകതകൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-28 |
| 30 | ലൈഫ് ഭവന നിർമ്മാണം-ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസപ്പെടുത്തുന്നു<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-05-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 1-29 |
| 31 | ദുരന്തനിവാരണം - തീരുമാനങ്ങൾ നടപ്പാക്കിയില്ല.<br>Written By: Babitha B Kumar (Senior Grade Auditor, On 25-05-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-30 |
| 32 | കളക്ടേഴ്സ് @ സ്കൂൾ പദ്ധതി - മിനി എം.സി.എഫുകൾ ടെൻഡർ ഒഴിവാക്കി കാഡ്കോ-യിൽ നിന്നും നേരിട്ട് വാങ്ങി<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 03-06-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 1-31 |
| 33 | വി.ഇ.ഓ.യുടെ പ്രൊജക്റ്റുകൾ - വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ അപാകതകൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 03-06-2022)<br>Last Updated By: Raj N.C (Computer Assistant, On 06-08-2022) | 1-32 |
| 34 | ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു<br>Written By: Babitha B Kumar (Senior Grade Auditor, On 26-05-2022) | 1-33 |

| | | |
|---|---|---|
| | Last Updated By: Raj N.C (Computer Assistant, On 06-08-2022) | |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കിടാരിയെ വാങ്ങിയതിന് യൂണിറ്റ് കോസ്റ്റിനേക്കാൾ കൂടുതൽ തുക നല്കി<br>Written By: Babitha B Kumar (Senior Grade Auditor, On 25-05-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 3-1 |
| 2 | അനുവദനീയമായ പരമാവധിയിലും കൂടുതൽ തുക സബ്സിഡി നല്കി<br>Written By: Babitha B Kumar (Senior Grade Auditor, On 25-05-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 3-2 |
| 3 | ഡാറ്റ തയ്യാറാക്കിയതിൽ ഏകരൂപമില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 03-06-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 3-3 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 18-05-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 4-1 |
| 2 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Babitha B Kumar (Senior Grade Auditor, On 25-05-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Saly Joseph (Audit Officer (HG), On 18-05-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Saly Joseph (Audit Officer (HG), On 18-05-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Saly Joseph (Audit Officer (HG), On 18-05-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Saly Joseph (Audit Officer (HG), On 18-05-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Saly Joseph (Audit Officer (HG), On 18-05-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Saly Joseph (Audit Officer (HG), On 18-05-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 18-05-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Babitha B Kumar (Senior Grade Auditor, On 03-06-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Saly Joseph (Audit Officer (HG), On 18-05-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 27.3.2020 തീരുമാനം (1) പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയുണ്ടായി. തുടർന്ന് 19.2.2021 ൽ 1ാം നിശ്ചയ പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 17,69,60,272.90/- രൂപയും ചെലവ് 17,40,54,842/- രൂപയുമാണ്.

1)ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---|---|
| വരവ് | 176960272.90 | 76917570 |
| ചെലവ് | 174054842.00 | 81875910 |

കൃത്യമായ ഡിമാന്റ് കണക്കാക്കാവുന്ന ഇനങ്ങൾക്കു പോലും വളരെ ഉയർന്ന വരവ് പ്രതീക്ഷിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ കാര്യമായ അന്തരമുണ്ട് . ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുത്തി തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 29.05.2021 |

## 1-2-1 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

1)2019-20 ൽ ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയിൽ തൻവർഷം ചെലവഴിച്ച 22,39,764 /- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിച്ച 18,91,418 /- രൂപയും 2020-21 വർഷത്തെ വാർഷികധനകാര്യപത്രികയിൽ ചെലവായി കാണിച്ചിട്ടില്ല .

2)2021 മാർച്ച് മാസത്തെ വെള്ളക്കരം ഉൾപ്പെടെ 2,23,66,671/-രൂപയാണ് പഞ്ചായത്തിന്റെ വെള്ളക്കരമിനത്തിൽ കടിശികയുള്ളത്.എന്നാൽ 2020-21 വാർഷിക കണക്കുകളിൽ ഈ തുക ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

3)ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ( Other Liabilities ) 350300107 ഹെഡ്ഡിൽ (Govt. & Other Dues Payable - River Management Fund ഇനത്തിൽ ) കാണിച്ചിട്ടുള്ള 21,23,406 /- രൂപയുടെ കൃത്യത ഉറപ്പാക്കുന്ന രേഖകൾ ഹാജരാക്കിയില്ല .

4)സഞ്ചയ പ്രകാരമുള്ള വസ്തുനികുതിയുടെ ഡിമാന്റ് , കളക്ഷൻ ,ബാലൻസ് തുകകൾ സാംഖ്യയുമായി പൊരുത്തപ്പെടുന്നില്ല .

## 1-3 സാംപത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,27,00,874.05 |
| വരവ് | 7,69,17,570.00 |
| ആകെ | 9,96,18,444.05 |
| ചെലവ് | 8,18,75,910.00 |
| നീക്കിയിരുപ്പ് | 1,77,42,534.05 |
| ഓഡിറ്റിൽ നിരാകരിച്ച തുക | 9,9,107.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,32,916.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | | 8691802 | 8691802 | 8691802 | | 0 |
| വികസനഫണ്ട് -SCP | | 7509215 | 7509215 | 7068877 | | 440338 |
| വികസനഫണ്ട് -TSP | | 69000 | 69000 | 35000 | | 34000 |
| ധനകാര്യകമ്മീഷൻ അവാർഡ് (Untied) | | 6867160 | 6867160 | 6385082 | | 482078 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | | 3900000 | 3900000 | 1274978 | | 2625022 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | | 17635000 | 17635000 | 17635000 | | 0 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം | | 3456681 | 3456681 | 3246126 | | 210555 |

| | | | | | | |
|---|---|---|---|---|---|---|
| ദുരിതാശ്വാസനിധി (311100101) | 144487 | 5838 | 150325 | 0 | 150325 | |
| Total Sanitation Campaign (320100115) | 107997 | 260000 | 367997 | 130000 | 237997 | |
| ICDS (320100121) | 903589 | 611701 | 1515290 | 856628 | 658662 | |
| NPRPD (320100127) | 0 | 200000 | 200000 | 0 | 200000 | |
| ആയുർവേദ ഡിസ്പെൻസറി നവീകരണം (320200207) | 632383 | 0 | 632383 | 0 | 632383 | |
| വിമുക്തി (320200309) | 27750 | 0 | 27750 | 0 | 27750 | |
| സാക്ഷരത (320200309) | 1641 | 85 | 1726 | 0 | 1726 | |
| ശുചിത്വമിഷൻ(320200322) | 0 | 1480329 | 1480329 | 989299 | 491030 | |
| ആരോഗ്യകേരളം(320200399) | 617633 | 0 | 617633 | 0 | 617633 | |
| സമ്പൂർണ്ണശുചിത്വം(320300103) | 1079289 | 0 | 1079289 | 654178 | 425111 | |
| ജലനിധി (320300102) | 0 | 6050460 | 6050460 | 6050460 | 0 | |
| കേരളോത്സവം, കില(320300199) | 421738 | 17887 | 439625 | 17887 | 421738 | |
| ലൈഫ് സംസ്ഥാന വിഹിതം (320400199) | 5100000 | 500000 | 5600000 | 1220000 | 4380000 | |

Appropriation Control Register പ്രകാരമുള്ള തുകയാണ് ഫണ്ടുകളുടെ വരവായി ചേർത്തിട്ടുള്ളത്.വിവിധ ഫണ്ടുകളിൽ നിന്നും ഉദ്ഭവത്തിൽ കുറവ് ചെയ്ത തുകകളുടെ വിവരം താഴെ ചേർക്കുന്നു.
വികസനഫണ്ട്-ജനറൽ – 10,81,498 /-(ലൈഫ് മിഷൻ വായ്പ തിരിച്ചടവ് - 5,85,098 /- & അങ്കണവാടി ജീവനക്കാരുടെ പ്രതിഫലയിനത്തിൽ ഈടാക്കിയ തുക 4,96,400 /-)

വികസനഫണ്ട്-SCP – 2,04,784 /- (ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -പട്ടികജാതി)

മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) - 35,319 /-(വോട്ടിംഗ് മെഷീൻ വാങ്ങൽ)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 104800306 | 143 | 60911734 | 5 | 54 | 70.79% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 291494 | 927669 | 1219163 | 1216214 | 2949 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 25878786 | 25878786 | 25878786 | |
| ആകെ | 291494 | 26806455 | 27097949 | 27095000 | 2949 |

വാർഷികധനകാര്യപത്രികയിലെ മുന്നിരിപ്പിൽ 2019-20 വർഷത്തെ പലിശ ഉൾപ്പെടുത്തിയിട്ടില്ല .

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 5187800 | 373 |
| വിധവാപെൻഷൻ | 8963700 | 624 |
| വാർദ്ധക്യകാലപെൻഷൻ | 23594300 | 1705 |
| വികലാംഗപെൻഷൻ | 3284400 | 222 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 755000 | 50 |
| വിധവകളായ പെൺമക്കളുടെ വിവാഹ ധനസഹായം | 216000 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.5.2022 ഉച്ചകഴിഞ്ഞ് 1 മണിക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 468/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണസംവിധാനം ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കാര്യക്ഷമമാക്കേണ്ടതാണ്.

1) പഞ്ചായത്തിന്റെ തനത് വരുമാനം ഉലോം കുറവായ സാഹചര്യത്തിൽ തനത് വരുമാനത്തിന്റെ ഈടാക്കലുകളിൽ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. ഉദാ- ലൈസൻസികൾ നല്കുന്ന അപേക്ഷകൾ പലതും അപൂർണ്ണമാണ്. ലൈസൻസ് നമ്പർ, മൂലധന വിവരങ്ങൾ, തൊഴിലാളികളുടെ എണ്ണം ഇവ രേഖപ്പെടുത്തുന്നില്ല. തന്മൂലം ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ കൃത്യതയില്ല. കമ്മറ്റി തീരുമാനം പ്രകാരം 500/- രൂ നിരക്കിൽ ലൈസൻസ് ഈടാക്കുന്നതിന് തീരുമാനം ഉണ്ടെങ്കിലും പലതിലും അതിൽ കുറവായ തുകയാണ് ഈടാക്കുന്നത്.

2) ലൈസൻസ് ഇല്ലാതെ ക്വാറികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് തീർത്തും ഒഴിവാക്കേണ്ടതാണ്.

3) സബ്സിഡി മാർഗരേഖ പ്രകാരവും സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചും പദ്ധതികൾ നടപ്പാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.05.2022 | 31.3.2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.02.2016 | 2010-11 മുതൽ 2014-15വരെ | 11.4.16 |

## 1-11 ഓഡിറ്റ് ഇംപാക്റ്റ്

തൊഴിലുറപ്പ് പദ്ധതി കരാറുകാരനിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന ആദായ നികുതി റ്റി ഡി എസ് 3778 രൂപ ഈടാക്കാതിരുന്നതിനാൽ ഓഡിറ്റ് എൻക്വയറി ( നം 20/24.05.2022) പ്രകാരം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ 25.05.2022 ന് അടവാക്കി.

## 1-12 FTEA&OS ലൈസൻസ് ഫീസ് -അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2020-21 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് നിരക്കുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിഭാഗം | മേഖല | മൂലധന നിക്ഷേപം | ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീ (രൂപയിൽ) |
|---|---|---|---|---|
| 1 | മൈക്രോ എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടാത്തത് | 500 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടാത്തത് | |
| 2 | മിനി എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 1000 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതും | |
| 3 | സ്മാൾ എന്റർപ്രൈസസ് | ഉൽപാദന മേഖല | ഒരു കോടി രൂപയിൽ കൂടുതലും 5 കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 5000 |
| | | സേവന മേഖല | 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ അധികരിക്കാത്തതും | |
| 4 | മീഡിയം എന്റർപ്രൈസസ് | ഉൽപാദന മേഖല | 5 കോടി രൂപയിൽ കൂടുതലും 10 കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 10000 |
| | | സേവന മേഖല | 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും | |
| 5 | ലാർജ് എന്റർപ്രൈസസ് | ഉൽപാദന മേഖല | 10 കോടി രൂപയിൽ കൂടുതൽ | 15000 |
| | | സേവന മേഖല | 5 കോടി രൂപയിൽ കൂടുതൽ | |

എന്നാൽ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ സ്ഥാപനങ്ങളിൽ നിന്നും വിവിധ നിരക്കിൽ

ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ മുഖാന്തിരം ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് ഈടാക്കാതെ വിവിധ നിരക്കിൽ ഫീസുകൾ ഈടാക്കിയതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം 11 ന് ലഭ്യമായ മറുപടിയിൽ വർഷങ്ങളായി പ്രവർത്തിച്ച് വരുന്നതും,ലൈസൻസ് പുതുക്കുന്നതിലേക്കായി അപേക്ഷ നൽകിയ സ്ഥാപനങ്ങളുമായതിനാൽ 28.03.2018 ലെ 9(1) കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫീസിലുള്ള വർധനവ് ഒഴിവാക്കി പഴയഫീസ് തന്നെയാണ് ഈടാക്കി വരുന്നത് എന്നാണ്.എന്നാൽ 28.03.2018 ലെ 9(1) കമ്മറ്റി തീരുമാനം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് നോട്ട്

കേരള പഞ്ചായത്ത് രാജ് ആക്റ്റ്(FTEA&OS) ചട്ടം 7 പ്രകാരം ലൈസൻസിനുള്ള ഫീസ് പട്ടിക II-ൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ഈടാക്കാവുന്നതാണ്. ആയതിനാൽ പട്ടിക II-പ്രകാരം പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് നിരക്കുകൾ നിലനിൽക്കെ ചട്ടത്തിന് വിരുദ്ധമായി ഫീസ് ഈടാക്കിയിരിക്കുന്നു.

## 1-13 തൊഴിൽ നികുതി – അപാകങ്ങൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പാഞ്ചായത്തിന്റെ 2020-21 ലെ തൊഴിൽ നികുതി പരിശോധനയിൽ എൽ.എസ്.ജി.ഡി. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ആകെ 51 മരാമത്ത് ജോലികൾക്കായി 18 കോൺട്രാക്ടേഴ്സ് ജോലികൾ ഏറ്റെടുത്തതായി കാണുന്നു. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം ഏറ്റെടുത്ത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 60 ദിവസത്തിൽ കൂടുതൽ സമയം എടുത്തിട്ടുള്ളതായി കാണുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. 60 ദിവസത്തിൽ കൂടുതൽ തൊഴിൽ ചെയ്തിട്ടുള്ള കരാറുകാരുടെ ലിസ്റ്റ് പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കണം എന്നാവശ്യപ്പെട്ട് നൽകിയ 18-ാം നമ്പർ എൻക്വയറിക്ക് ലഭ്യമായ മറുപടി പ്രകാരം 60 ദിവസത്തിൽ കൂടുതൽ തൊഴിൽ ചെയ്തിട്ടുള്ള കരാറുകാർ മറ്റു പഞ്ചായത്തുകളിലും കരാർ ഏറ്റെടുത്തിട്ടുള്ളതും, തൊഴിൽ നികുതി അവിടെ അടവാക്കിട്ടുള്ള വിവരം അറിയിച്ചിട്ടുള്ളതാണ് എന്നും 21.08.2020, 18.03.2021 തീയതികളിലെ 120030100637, 1200301003878 എന്നീ രസീതുകൾപ്രകാരം ശ്രീ.ജോർജ് മാത്യു 15.03.2021 തീയതിയിലെ 120030103733 എന്ന രസീത് പ്രകാരം ശ്രീ സുധീഷ് പി.എസ് എന്നിവർ തൊഴിൽ നികുതി അടച്ചിട്ടുള്ളതാണെന്നാണ്, എന്നാൽ മേൽ പരാമർശിച്ച രസീതുകൾ ഹാജരാക്കിയില്ല. കൂടാതെ ബാക്കിയുള്ള മറ്റ് കരാറുകാരുടെ തൊഴിൽ നികുതി മറ്റു പഞ്ചായത്തുകളിൽ അടവാക്കി എന്നു പറയുന്നുണ്ട് എങ്കിലും ആയതിന്റെ രസീതുകളുടെ പകർപ്പുകളൊന്നും തന്നെ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. മേൽ അപാകങ്ങൾ പരിഹരിച്ച് വിശദ രേഖകൾ പ്രകാരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ആകെ 51 മരാമത്ത് ജോലികൾക്കായി 18 കോൺട്രാക്ടേഴ്സിന്റെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | ക്രമ നം | പേര് |
|---|---|---|---|
| 1 | പി.കെ ചാക്കോ | 10 | ജോജിഷ് ജോസ് |
| 2 | ഗ്ലോബൽ കൺസ്ട്രക്ഷൻസ് | 11 | സണ്ണി കെ.എം. |
| 3 | ജോയി വി.യു. | 12 | കെ.കെ. ജോർജ്ജ് |
| 4 | ജോർജ്ജ് മാത്യു | 13 | ഇബ്രാഹിം കുട്ടി കെ.കെ. |
| 5 | ജോയി കെ. ജോൺ | 14 | ബിജുകുമാർ സി. |
| 6 | ഷഹീർ ഇബ്രാഹിം | 15 | നോയൽ രാജു |
| 7 | സുധീഷ് പി.എസ്. | 16 | ജോയി തോമസ് |
| 8 | കെ.എൻ. ശശിധരൻ | 17 | സൂരജ് പി.കെ. |
| 9 | ആഷ ബിബിൻ | 18 | ടൈറ്റസ് സി.പി. |

## 1-14 River Management Fund- ഒടുക്കുവാനുള്ള തുകയുടെ കൃത്യമായ കണക്കുകളില്ല

2020-21 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ (Other Liabilities ) 350300107 ഹെഡ്ഡിൽ (Govt. & Other Dues Payable – River Management Fund ഇനത്തിൽ ) 21,23,406 /- കാണിച്ചിട്ടുണ്ട് . എറണാകുളം ജില്ലാ കളക്ടറുടെ 03.12.19 ലെ D3-6685/06നം. നടപടിക്രമം പ്രകാരം River Management Fund(2014-15 മുതൽ 2018-19 വരെ ) ഓഡിറ്റ് ചെയ്ത (കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമവും ചട്ടം 23) M/s SR Pai & Co. യുടെ 25.11.20 ലെ റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന് River Management Fund ഇനത്തിൽ ഒടുക്കുവാനുള്ള തുകയായി 4,49,323 -/രൂപയാണ് കാണിച്ചിട്ടുള്ളത്. ഇത് മണൽ വാരൽ നടന്നിരുന്ന 2015-16 വർഷം വരെയുള്ള തുകയാണ് (2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം). 2015-16ന് ശേഷം പഞ്ചായത്തിൽ മണൽ വാരൽ നടന്നിട്ടില്ല . ഓഡിറ്റ് റിപ്പോർട്ടിലെയും വാർഷികധനകാര്യപത്രികയിലെയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നതിന് വിശദീകരണവും നിലവിൽ സർക്കാരിലേക്ക് ഒടുക്കുവാനുള്ള കൃത്യമായ തുകയുടെ വിവരങ്ങളും ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക്(നം.8.20.05.22) ലോഡിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുക കുറവ് ചെയ്തതിനുശേഷമാണ് വരവ് തുക അടവാക്കിയിട്ടുള്ളതെന്നും ടി ലോഡുകളുടെ തുക പഞ്ചായത്തിന് ലഭിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് ടി ഇനത്തിൽ കുടിശിക ഒന്നും തന്നെയില്ലെന്ന് 28.01.2021 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ26/1 നമ്പർ തീരുമാനം പ്രകാരം വിലയിരുത്തിയിട്ടുള്ളതാണെന്നും അറിയിച്ചു. റിവർ മാനേജ്മെന്റ് ഫണ്ട് കുടിശിക സംബന്ധിച്ച വിശദാംശങ്ങൾ ലഭിക്കുന്നതിന് ജില്ലാ കലക്ടർക്ക് കത്ത് നല്കിയിട്ടുണ്ടെന്നും അറിയിച്ചു. വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് കൃത്യത ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-15 കിടാരിയെ വാങ്ങിയതിന് യൂണിറ്റ് കോസ്റ്റിനേക്കാൾ കൂടുതൽ തുക നല്കി

പട്ടികജാതിയിൽപ്പെട്ട വനിതകൾക്ക് 60,000/- രൂപ വില വരുന്ന കറവപ്പശുവിനെ വാങ്ങുവാൻ 75 % സബ്സിഡി തുകയായ 45,000/- രൂപ നല്കുന്നതിന് നടപ്പാക്കിയ ഈ പദ്ധതി പ്രകാരം 16 വനിതകൾ പശുവിനെ വാങ്ങിയിട്ടുണ്ട് . 11 ഗുണഭോക്താക്കൾ കറവപ്പശുവും 5 പേർ ഗർഭിണി കിടാരിയുമാണ് വാങ്ങിയിട്ടുള്ളത്. കിടാരിയെ വാങ്ങിയവർക്ക് യൂണിറ്റ് കോസ്റ്റിനേക്കാൾ കൂടുതൽ തുകയാണ് നല്കിയത്.കൂടുതൽ വിവരങ്ങൾ ഖ.3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

## 1-16 അനുവദനീയമായ പരമാവധിയിലും കൂടുതൽ തുക സബ്സിഡി നല്കി

ക്ഷീരസംഘങ്ങൾ മുഖേന പാൽ വിതരണം ചെയ്ത കർഷകർക്ക് അളക്കുന്ന പാലിനനുസരിച്ച് സബ്ഡിഡി നല്കുന്നതിന് നടപ്പാക്കിയതാണ് ഈ പദ്ധതി. സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം ഒരു കർഷകന് വർഷത്തിൽ നല്കാവുന്ന പരമാവധി സബ്സിഡി 40,000/- രൂപയാണ്. എന്നാൽ ഷിജു തോമസ് എന്ന കർഷകന് 45,357/- സബ്സിഡി അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ഖ.3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

## 1-17 ഡാറ്റ തയ്യാറാക്കിയതിൽ ഏകരൂപമില്ല

ഗ്രാമപഞ്ചായത്തിൽ സ്റ്റെയിലൻസ് സ്റ്റീൽ ലെറ്റർ സ്ഥാപിക്കൽ പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിൽ വ്യത്യസ്ത നിരക്കുകളാണ് അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | SO 128/20-21 |
| പ്രൊജക്ടിന്റെ പേര് | അംബേദ്കർ കമ്മ്യൂണിറ്റി ഹാളിന് ആർച്ച് സ്ഥാപിക്കൽ |
| എസ്റ്റിമേറ്റ് തുക | 100000/- |
| ഫണ്ടിനം | എസ് സി പി - 93485<br>തനത് ഫണ്ട് - 6515<br>ആകെ - 100000/- |
| അംഗീകാരം | 042/MaGP/19-20/15.01.2020<br>എ എക്സ് ഇ , മുളന്തുരുത്തി ബ്ലോക്ക് |
| എം ബുക്ക് നം | 298/AEE/19-20 |
| ചെലവ്/<br>ബിൽ നം | 99979.77/-<br>414/31.03.2021 |
| കരാറുകാരൻ | കെ കെ ജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി: എഞ്ചിനീയർ |

എസ്റ്റിമേറ്റിലെ ഇനം 3 ന്റെ വിശദ വിവരം താഴെ ചേർക്കുന്നു.(Cost Index 39.89)

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| Odt 472016/2019-20<br>PROVIDING AND FIXING STAINLESS STEEL LETTERS OF HEIGHT 30 CM(MALAYALAM) | 21 | 1789.44 | 37578.24 |

2020-21 ൽ തന്നെ നടപ്പാക്കിയ SO 164/20-21, പഞ്ചായത്ത് ട്രെയിനിംഗ് സെന്ററിന് ബോർഡ് സ്ഥാപിക്കൽ എന്ന പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ ഇനം 1 ന്റെ വിവരം താഴെ ചേർക്കുന്നു.(Cost Index 39.89)

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| Odt 361766/2019-20<br>PROVIDING AND FIXING STAINLESS STEEL LETTERS OF HEIGHT 30 CM(MALAYALAM) | 40 | 1243.17 | 49726.80 |

ഒരേ കാലയളവിൽ ഒരേ കോസ്റ്റ് ഇൻഡക്സ് പ്രകാരം ചെയ്ത പ്രവൃത്തിയിൽ വ്യത്യസ്ത നിരക്ക് നൽകിയതിനാൽ പ്രൊജക്ട് നം SO 128/20-21 ൽ താഴെ പറയും പ്രകാരം 11471.67രൂപ അധികം നൽകിയതായി കാണുന്നു.

| | |
|---|---|
| എം ബുക്ക് പേജ് നം | 8 |
| എണ്ണം | 21 |
| നൽകിയ നിരക്ക് | 1789.44 |
| നൽകിയ തുക | 37578.24 |
| നൽകാവുന്ന നിരക്ക് | 1243.17 |
| നൽകാവുന്ന തുക | 26106.57 |
| അധികം | 11471.67 |

അധിക തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 20.05.2022 ൽ ഓഡിറ്റ് എൻക്വയറി (നം.9 ) നൽകി. ആയതിന് 23.05.2022 ന് നൽകിയ മറുപടിയിൽ പ്രൈസ് എസ്റ്റിമേറ്റുകൾ പല പഞ്ചായത്തുകളുടേയും പരിശോധിച്ചതിൽ കൂടുതൽ റേറ്റ് നൽകുന്നുണ്ടെന്ന് അറിഞ്ഞതിനു ശേഷമാണ് കൂടിയ നിരക്ക് നൽകിയത് എന്ന് അറിയിച്ചു (വിശദാംശങ്ങൾ ഭാഗം 3-3ൽ ചേർത്തിട്ടുണ്ട്).

ഓഡിറ്റ് നിർദ്ദേശം

വ്യക്തമായ മാർക്കറ്റ് സ്റ്റഡി നടത്തി ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടതും ഡാറ്റയിൽ ഏകരൂപം ഉണ്ടാക്കേണ്ടതുമാണ്.

## 1-18 ടോയ്‌ലറ്റ് അറ്റകുറ്റപ്പണി - അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ടേക്ക് എ ബ്രേക്ക് പ്രൊജക്ടിന്റെ ഭാഗമായി ടോയ്‌ലറ്റ് അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസ് കോംപ്ലക്സിലെ ടോയ്‌ലറ്റുകളിൽ നടത്തിയ അറ്റകുറ്റപ്പണിയിൽ നിരവധി അപാകതകൾ ഉണ്ട്. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം/<br>പ്രൊജക്ടിന്റെ പേര് | SO234/21<br>ടേക്ക് എ ബ്രേക്ക് - പഞ്ചായത്ത് ഓഫീസ് കോംപ്ലക്സിലെ ടോയ്‌ലറ്റ് അറ്റകുറ്റപ്പണി |
| അടങ്കൽ,<br>ഫണ്ടിനം | 160000/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട് |
| എം ബുക്ക് നം | 347/AEE/20-21 |
| ചെലവ് | 138987/-<br>ബിൽ നം 331/29.03.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി:എഞ്ചിനീയർ |

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു. (അപാകതകൾ സംബന്ധിച്ച് 25.05.2022 ൽ ഓഡിറ്റ് എൻക്വയറികൾ (നം. 24,26) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.)

1. ഇൻസിനറേറ്റർ സ്ഥാപിച്ചെങ്കിലും പ്രവർത്തനക്ഷമമാക്കിയില്ല.

പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ ഇനം 19 പ്രകാരമുള്ള സാനിറ്ററി നാപ്കിൻ ഇൻസിനറേറ്ററിന് എം ബുക്ക് പേജ് നം 27 പ്രകാരം അനുവദിച്ചിട്ടുള്ളത് 46460 രൂപയാണ്. ഇത് സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം/വിശദ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

(എ) ടോയ്‌ലറ്റിനുള്ളിൽ സ്ഥാപിച്ചിട്ടുള്ള ഇൻസിനറേറ്ററിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളതായോ പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതായോ കാണാൻ കഴിഞ്ഞില്ല.

(ബി) ഇൻസിനറേറ്റർ നിർമ്മിച്ച സ്ഥാപനത്തിൽ നിന്ന് ലഭ്യമായ വിവരം പ്രകാരം ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് കൂടുതൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യം ആവശ്യമാണ്. ഇടുങ്ങിയ ടോയ്‌ലറ്റിലാണ് ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുള്ളത്. പുകക്കുഴൽ മുതലായവ സ്ഥാപിച്ചതായി കാണുന്നില്ല. ഭൗതിക സാഹചര്യം ഒരുക്കാതെ ഇൻസിനറേറ്റർ സ്ഥാപിച്ചതിന്റെ കാരണം വ്യക്തമല്ല.

(സി) ഇൻസിനറേറ്ററിന്റെ ഡീറ്റയിൽഡ് സ്പെസിഫിക്കേഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ബില്ലിലും വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഇനത്തിന് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളതിലും വിശദ വിവരം ഉൾപ്പെടുത്തിയിട്ടില്ല. മാർക്കറ്റ് വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ ഉൾപ്പെടുത്തിയിട്ടുള്ള വില വളരെ കൂടുതലാണ്.

(ഡി) ലഭ്യമായ വിവരം പ്രകാരം ഒരു വർഷമാണ് ഇൻസിനറേറ്ററിന്റെ വാറന്റി കാലം. എം ബുക്ക് രേഖപ്പെടുത്തൽ പ്രകാരം 27.02.2021 ന് സ്ഥാപിച്ച ഇൻസിനറേറ്ററിന്റെ വാറന്റി കാലഘട്ടം അവസാനിച്ചു.

(ഇ) ഇൻസിനറേറ്ററിന്റെ വാറന്റി കാർഡ് , ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമല്ല.

2. പ്രൊജക്ട് നിർവ്വഹണം വിലയിരുത്തുന്നതിന് 24.05.2022 ന് സ്ഥലപരിശോധന നടത്തി. ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗവും ഓഡിറ്റ് വിഭാഗവും സംയുക്തമായി നടത്തിയ പരിശോധനയിൽ കണ്ട കാര്യങ്ങൾ താഴെ ചേർക്കുന്നു.

(എ) പ്രൊജക്ടിന്റെ എം ബുക്കിന്റെ ( നം 347/AEE/20-21) പേജ് നം 21 ൽ 1280.45 രൂപ വിലയുള്ള 3 ഹെൽത്ത് ഫോസറ്റുകൾ വെച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രണ്ട് ഹെൽത്ത് ഫോസറ്റുകൾ മാത്രമാണ് നിലവിൽ ഉള്ളത്. ആയതിൽ ഒരെണ്ണം പൊട്ടി വെള്ളം ഒലിക്കുന്ന അവസ്ഥയിലാണ് ഉള്ളത്. ഒരു ഹെൽത്ത് ഫോസറ്റ് കാണാൻ കഴിഞ്ഞില്ല.

(ബി) പ്രൊജക്ടിന്റെ എം ബുക്കിന്റെ പേജ് നം 25 ൽ 1132.41 രൂപ വിലയുള്ള 3 മിററുകൾ വെച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു മിറർ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളതായി കണ്ടത്. രണ്ട് മിററുകൾ സ്ഥാപിച്ചതായി കാണാൻ കഴിഞ്ഞില്ല.

(സി) ഹെൽത്ത് ഫോസറ്റ്,ക്ലോസറ്റ് എന്നിവ ജാഗ്വാർ അല്ലെങ്കിൽ അതേ നിലവാരമുള്ളവ എന്ന പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും തുക നൽകിയിട്ടുള്ളതും എന്നാൽ നൽകിയ വിലയിലും കുറഞ്ഞ വിലയിലുള്ള സെറ എന്ന കമ്പനിയുടെ ഉൽപ്പന്നങ്ങൾ ഉപയോഗിച്ചിട്ടുള്ളതായാണ് കാണാൻ കഴിഞ്ഞത്.

ഓഡിറ്റ് നിർദ്ദേശം

ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗവും പരിശോധന നടത്തി പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ പരിഹരിച്ച് നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 ARWSS കുടിവെള്ള പദ്ധതി : പദ്ധതി പൂർത്തികരിച്ചില്ല.

മണീട് ഗ്രാമപഞ്ചായത്തിൽ 20-21 വർഷം നടപ്പാക്കിയിട്ടുള്ള ARWSS കുടിവെള്ള പദ്ധതികളാണ് പാംപ്ര കോളനി കുടിവെള്ള പദ്ധതിയും കീഴേത്ത് കുഴി - രാജീവ് ഗാന്ധി എസ്. സി. കോളനി കുടിവെള്ള പദ്ധതിയും. 2018-19 വർഷം ആരംഭിച്ച ഈ പദ്ധതികൾ തൻവർഷം പൂർത്തീകരിച്ചിട്ടില്ല. കുടിവെള്ള പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകളും ചുവടെ ചേർക്കുന്നു.

1) പാംപ്ര കോളനി കുടിവെള്ള പദ്ധതി

ഈ കുടിവെള്ള പദ്ധതിയ്ക്കായി 20-21 വർഷം 17,79,116 /- ചെലവ് ചെയ്തിട്ടുണ്ട് . (അടങ്കൽ തുക75ലക്ഷം) . ഈ കുടിവെള്ള പദ്ധതിയുടെ ,

(എ) പദ്ധതി പൂർത്തികരണത്തിന്റെ കാലാവധി 31.12.2018 ആയിരുന്നു. പൂർത്തികരിക്കാൻ കാലതാമസം നേരിട്ടതിന് ഫൈൻ ഈടാക്കിയതിന്റെ വിശദാംശം ഹാജരാക്കിയില്ല. മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് /സാക്ഷ്യപത്രം ഹാജരാക്കിയില്ല.

(ബി) പദ്ധതി നടത്തിപ്പ് സംബന്ധിച്ച ഗുണഭോക്തൃ സമിതിയുമായുള്ള കരാർ / തുടർ നടത്തിപ്പ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

(സി) ഈ കുടിവെള്ള പദ്ധതിയിൽ വലിയ അഴിമതി നടത്തിയതു സംബന്ധിച്ചും നിർമ്മിച്ച ടാങ്കിന് ചോർച്ച ഉള്ളതായും വ്യാപക പരാതി ലഭിച്ചിട്ടുള്ളതായി ഫയലിൽ ഉണ്ട്. ആയതിനാൽ ടാങ്കിന്റെ ഫിറ്റ്നെസ്സ് (ഫണ്ട് അനുവദിക്കുന്ന സ്ഥാപനത്തിൽ നിന്നും) സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതും കൂടുതൽ അന്വേഷണം നടത്തി വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

2) കീഴേത്ത് കുഴി - രാജീവ് ഗാന്ധി എസ് .സി. കോളനി കുടിവെള്ള പദ്ധതി

2017-18 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടാണ് ഇത്. ഈ കുടിവെള്ള പദ്ധതിയ്ക്കായി 20-21 വർഷം 42,71,344 /- ചെലവ് ചെയ്തിട്ടുണ്ട് . (അടങ്കൽ തുക ഒരു കോടി രൂപ). ഈ കുടിവെള്ള പദ്ധതിയുടെ ,

(എ) പുതുക്കിയ എസ്റ്റിമേറ്റിനു വകുപ്പിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ലാത്തതായി അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (പി.എ.)യുടെ ആർ.ഡി 1. 120/2017 തി. 1/2020 നം കത്ത് മുഖേന വ്യക്തമാക്കിയിട്ടുണ്ട്. അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ഹാജരാക്കേണ്ടതാണ്.

(ബി) പദ്ധതി പൂർത്തികരണത്തിന്റെ കാലാവധി 31.12.2019 ആയിരുന്നു . പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിന് ഫൈൻ ഈടാക്കിയതിന്റെ വിശദാംശം ഹാജരാക്കിയില്ല. മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് /സാക്ഷ്യപത്രം ഹാജരാക്കിയില്ല.

(സി) പദ്ധതി നടത്തിപ്പ് സംബന്ധിച്ച ഗുണഭോക്തൃ സമിതിയുമായുള്ള കരാർ/തുടർ നടത്തിപ്പ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

(ഡി) ഇതേ പ്രദേശത്ത് ജില്ലാ പഞ്ചായത്ത് 2018-19 വർഷം ആതുകുഴി വാട്ടർ സപ്ലൈ സ്കീം എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട് എന്ന് ഫയലിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ വാട്ടർ സപ്ലൈ സ്കീം പ്രവർത്തികൾക്കായി തുക ചെലവഴിച്ചതിൽ ഇരട്ടിപ്പ് വന്നിട്ടില്ല എന്നുള്ള സാങ്കേതിക വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.23 തീയതി 24.05.2022) ഭാഗികമായ മറുപടിയാണ് ലഭിച്ചത് .

## 1-20 സ്ട്രീറ്റ് ലൈറ്റ് സ്ഥാപനം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് സ്ഥാപനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം/ വർഷം | 183/2020-21 |
| അടങ്കൽ തുക / ഫണ്ട് | 3,90,685/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, |
| ചെലവ് തുക/<br>ബിൽ നം തിയതി | 1) 1,05,964 /-ബിൽ നം 85/തീയതി 27.8.2020<br>2) 76,437 /- ബിൽ നം 138/തീയതി 1.12.2020<br>3) 46,200/- ബിൽ നം 267/തീയതി 24.3.2021<br>ആകെ - 2,28,601/- |

മണീട് ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്ക് പരിപാലനത്തിനായി 2,28,601/- രൂപ ചെലവു ചെയ്തിട്ടുണ്ട്. AMC കരാർ വിവരം ഫയലിൽ ലഭ്യമല്ല. ടി കാലയളവിൽ CFL, Sodium Vapour Lamp, Tube Set എന്നിവയുടെ പരിപാലനത്തിനായി കരാർ ഏറ്റെടുത്ത റിച്ച് എൻജിനിയേഴ്സ് എന്ന സ്ഥാപനം കരാർ പൂർത്തീകരിക്കാൻ വിമുഖത കാണിച്ചിട്ടുള്ളതിനാൽ റദ്ദുചെയ്തിട്ടുണ്ട് . ടി സ്ഥാപനത്തിന് 1,79,391/- രൂപ നല്കിയിട്ടുണ്ടുണ്ടെങ്കിലും അറ്റകുറ്റപ്പണി ചെയ്ത CFL, Sodium Vapour Lamp, Tube Set എന്നിവയുടെ വാർഡ് മെംബർമാർ സാക്ഷ്യപ്പെടുത്തിയ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. കൂടാതെ താഴെപ്പറയുന്ന വിശദാംശവും ഹാജരാക്കിയില്ല:-

1) KSEB തയ്യാറാക്കിയ Post/light കളുടെ എണ്ണം

2) തെരുവ് വിളക്കുകളുടെ Stock Register.

രേഖകൾ /രജിസ്റ്ററുകൾ /വിശദാംശങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.25 തീ.25.05.2022) ഭാഗികമായ മറുപടിയാണ് ലഭിച്ചത്.

## 1-21 കുടിവെള്ള വിതരണം: അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുടിവെള്ള വിതരണം |
| പ്രോജക്ടിന്റെ നം/ വർഷം | 9/20-21 |
| അടങ്കൽ തുക / ഫണ്ട് | 4ലക്ഷം രൂപ. തനത് ഫണ്ട് |
| ചെലവ് തുക/ ബിൽ നം. തീയതി/ചെക് നം. തീ. | 3,40,931/- ചെക് നം. 1085029 തീ.29.9.20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മണീട് ഗ്രാമപഞ്ചായത്ത് പരിധിയിൽ ടാങ്കർ കുടിവെള്ള വിതരണം നടത്തുന്നതിന് നടപ്പാക്കിയ പ്രോജക്ടാണ് ഇത് . ഈ പ്രോജക്റ്റുകളുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾക്ക് വിശദീകരണം/ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1)ടാങ്കർ ലോറിയിൽ GPS ഘടിപ്പിച്ചുള്ള ട്രിപ്പ് ഷീറ്റ് അല്ല പരിശോധനയ്ക്ക ഹാജരാക്കിയത്.

2) സുതാര്യവും കാര്യക്ഷമവുമായി പദ്ധതി നടപ്പാക്കുന്നതിന് കുടിവെള്ള വിതരണം നടത്തുന്നത് സംബന്ധിച്ച് ബഹു. ജില്ലാ കളക്ടർക്ക് രണ്ടാഴ്ച കൂടുമ്പാൾ നല്കിയ റിപ്പോർട്ടുകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

3)സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കാതെയാണ് കരാർ നല്കിയത് . ആയതിന് വിശദീകരണം ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.27 തീ.25.05.2022) മറുപടി ലഭ്യമാക്കിയില്ല. കുടിവെള്ള വിതരണ പ്രവൃത്തികൾ നടപ്പാക്കുമ്പോൾ ഉത്തരവുകൾക്ക് വിധേയമായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-22 മണീട് L.P സ്കൂളിന് ബോർവെൽ പമ്പ് സെറ്റ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മണീട് L.P സ്കൂളിന് ബോർവെൽ പമ്പ് സെറ്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നം/ വർഷം | 136/2020-21 (സ്പിൽ ഓവർ) |
| അടങ്കൽ തുക / ഫണ്ട് | 12,091/- മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം |
| ചെലവ് തുക/ ബിൽ നം തീയതി | 12,091/-ബിൽ നം 203/തീയതി 11.2.2021 |

2019-20 വർഷം ഹെഡ് മാസ്റ്റർ നടപ്പാക്കിയ പ്രോജക്ടാണ് ഇത്. ഹാജരാക്കിയ ഫയലിൽ ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവഴിച്ച തുക 12,091/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1) ബോർവെൽ പമ്പ് സെറ്റ് വാങ്ങുന്നതിനായുള്ള ടെൻഡർ , അനുബന്ധ വിവരങ്ങൾ ഹാജരാക്കിയില്ല.

2) ബോർവെൽ പമ്പ് സെറ്റ് സ്ഥാപിച്ചതായുള്ള മോണിറ്ററിംഗ് സമിതി റിപ്പോർട്ട് . ബോർവെൽ ആയതിനാൽ സുരക്ഷിതമാക്കി സ്ഥാപിച്ച എന്നതിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യ പത്രം എന്നിവ ഹാജരാക്കിയില്ല.

3) സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.25 തീ.25.05.2022) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-23 സമഗ്രതെങ്ങ് കൃഷി വികസനം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സമഗ്രതെങ്ങ് കൃഷി വികസനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നം/ വർഷം | 105/20-21 |
| അടങ്കൽ തുക / ഫണ്ട് | 3 ലക്ഷംരൂപ. , വികസന ഫണ്ട് |
| ചെലവ് തുക/ ബിൽ നം തിയതി | 1) 2,25,000 രൂപ. ബിൽ നം 10/തീയതി 11.4.2020<br>2) 75,000 രൂപ. ബിൽ നം 11/തീയതി 11.4.2020 |

പ്രദേശത്ത് കൃഷിയെ സാരമായി ബാധിക്കുന്ന കീടരോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതിയാണിത്. എല്ലാ വിഭാഗങ്ങൾക്കും 75%മാണ് സബ്സിഡി. മാർഗ്ഗരേഖപ്രകാരം ഈ പദ്ധതിയ്ക്ക് കൃഷി ഓഫീസർ തയ്യാറാക്കിയ കീടരോഗബാധയും നിവാരണ പ്രവർത്തനങ്ങളും സംബന്ധിച്ച റിപ്പോർട്ട് മേൽ ഉദ്യോഗസ്ഥൻ അംഗീകരിച്ച് ഹാജരാക്കണം. പാടശേഖര സമിതി, കർഷക സമിതി മുഖേനയാണ് ഈ പദ്ധതി നടപ്പാക്കേണ്ടത്. ഇവിടെ Agro Industries Corporation Ltd. നാണ് തുക നല്കിയിട്ടുള്ളത്. ഇപ്രകാരം മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല. കൂടാതെ ഈ പ്രവർത്തി ഏതൊക്കെ വാർഡിൽ എത്രയൊക്കെ തെങ്ങിന് പ്രവൃത്തി നടപ്പാക്കിയെന്ന വിശദാംശം ഫയലിൽ ലഭ്യമാക്കിയില്ല. മാർഗ്ഗരേഖയ്ക്കനുസൃതമായി പദ്ധതി നടപ്പാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.29 തീ.25.05.2302 ) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കുന്നതുവരെ തുക 3 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 IKM വിഹിതം:വിനിയോഗവിവരം ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | IKM ലേയ്ക്ക് തുക നല്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം/ വർഷം | 7/20-21 |
| അടങ്കൽ തുക / ഫണ്ട് | 60,825/- രൂപ. , വികസന ഫണ്ട് |
| ചെലവ് തുക/ ബിൽ നം തീയതി | 60,825/- രൂപ. ബിൽ നം 169/തീയതി 16.1.2021 |

IKM ലേയ്ക്കുള്ള വിഹിതമായി 2020-21 വർഷം 60,825/- രൂപ നല്കിയിട്ടുണ്ട്. തുകയുടെ വിനിയോഗവിവരം ഹാജരാക്കിയില്ല. 60,825/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് -കുടിശ്ശിക

മണീട് ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് 3/2021 ലെ വാട്ടർ ചാർജ്ജ് ബില്ല് പ്രകാരം 2,23,66,671/- രൂപ കുടിശ്ശിക ഉണ്ട്. പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് സംബന്ധിച്ച രജിസ്റ്റർ അപൂർണ്ണമാണ്. വാട്ടർ ചാർജ്ജിനായി പഞ്ചായത്തിൽ നിന്നും അടവാക്കുന്ന തുകയും ഗ്രാന്റിൽ നിന്നും നേരിട്ട് ഈടാക്കുന്ന തുകയും വാട്ടർ ചാർജ്ജ് ബില്ലിൽ കുറവു ചെയ്തതായി രേഖകൾ ഹാജരാക്കിയില്ല. പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് സംബന്ധിച്ച രജിസ്റ്റർ, പഞ്ചായത്തിൽ നിന്നും അടവാക്കുന്ന തുകയും ഗ്രാന്റിൽ നിന്നും ഈടാക്കുന്ന തുകകളും ഉൾപ്പെടുത്തി കൃത്യമാക്കി ശരിയായ വിവരം വാട്ടർ അതോറിറ്റിയിൽ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.4 തീ. 19.05.2022) രജിസ്റ്റർ കൃത്യമാക്കി ഹാജരാക്കിയെന്ന മറുപടിയാണ് ലഭിച്ചത് . എന്നാൽ രജിസ്റ്ററിൽ 2010-11 വർഷം തുടങ്ങി അപൂർണ്ണമായ രേഖപ്പെടുത്തലുകളാണ് ഉള്ളത്. വാട്ടർ ചാർജ്ജിനായി പഞ്ചായത്തിൽ നിന്നും അടവാക്കിയ തുകയും ഗ്രാന്റുകളിൽ നിന്നും നേരിട്ട് അടവാക്കിയ തുകയും കൃത്യമായി കണക്കാക്കി രജിസ്റ്റർ പൂർണ്ണമാക്കി വാട്ടർ ചാർജ്ജ് ബില്ലിൽ ഉൾപ്പെടുത്തി ബിൽ തുക കാലികമാക്കേണ്ടതാണ്.

## 1-26 മരാമത്ത് പ്രവൃത്തി - ആദായ നികുതി ടി.ഡി.എസ്. ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ 2 മരാമത്ത് പ്രവൃത്തികളിൽ കരാറുകാരനിൽ നിന്ന് നിശ്ചിത നിരക്കിൽ ആദായ നികുതി - ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. ആദായ നികുതി നിയമം സെക്ഷൻ 194(ജെ) പ്രകാരം പ്രവൃത്തി ചെയ്യുന്നത് സ്ഥാപനങ്ങളാണെങ്കിൽ ബില്ലിൽ നിന്നും 2% ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്യണം. താഴെ പറയുന്ന പ്രൊജക്ടുകൾ കൺസ്ട്രക്ഷൻ കമ്പനികളാണ് കരാർ എടുത്തിരിക്കുന്നതും കമ്പനിയുടെ പേരിലാണ് കരാർ ഒപ്പിട്ടിരിക്കുന്നതും എന്നാൽ വ്യക്തികൾക്ക് ബാധകമായ 1% ആദായ നികുതി ടി.ഡി.എസ്. ആണ് കുറവ് ചെയ്തിരിക്കുന്നത്.വിശദ വിവരം താഴെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | 210/20-21 |
| പേര് | മുടക്കിൽത്താഴം നീർക്കുഴി റോഡ് വാർഡ് 5 |
| അടങ്കൽ | തനത് ഫണ്ട് - 5,000/-<br>ബ്ലോക്ക് പഞ്ചായത്ത് - 4,05,000/-<br>ആകെ - 4,10,000/- |
| കരാറുകാരൻ | ഗ്ലോബൽ, കൺസ്ട്രക്ഷൻസ്, തെങ്ങോട് , കാക്കനാട് |
| അളവ് പുസ്തകം നമ്പർ | 242/AEE/20-21 |
| ട്രഷറി ബിൽ നം | 257/22/03.2021 |

ടി.ഡി.എസ്. കണക്കാക്കിയതിലെ വ്യത്യാസം

| | |
|---|---|
| ചെലവ് | 3,59,659/- |
| ഈടാക്കേണ്ട ടി.ഡി.എസ്. (@ 2 % ) | 7,194/- |
| ഈടാക്കിയ ടി.ഡി.എസ്. | 3,597/- |
| കുറവ് | 3,597/- |

2.

| | |
|---|---|
| പ്രോജക്ട് നമ്പർ | 191/20-21 |
| പേര് | നെച്ചൂർ കടവ് മുടക്കൽ കടവ് റോഡ് വാർഡ് 5 |
| അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് റോഡ് - 14,29,975/-<br>മറ്റുള്ളവ – 25<br>ആകെ - 14,30,000/- |
| കരാറുകാരൻ | ഗ്ലോബൽ, കൺസ്ട്രക്ഷൻസ്, തെങ്ങോട് , കാക്കനാട് |
| അളവ് പുസ്തകം നമ്പർ | 243/AEE/20-21 |
| ട്രഷറി ബിൽ നം | 226/04.03.2021 |

ടി.ഡി.എസ്. കണക്കാക്കിയതിലെ വ്യത്യാസം

| | |
|---|---|
| ചെലവ് | 12,76,763/- |
| ഈടാക്കേണ്ട ടി.ഡി.എസ്.(@ 2 % ) | 25,536/- |
| ഈടാക്കിയ ടി.ഡി.എസ്. | 12,768/- |
| കുറവ് | 12,768/- |

ടി.ഡി.എസ്. ഈടാക്കിയതിൽ 16,365/- രൂപ (3,597+12,768) കുറവ് വന്നത് സംബന്ധിച്ച് 19.05.2022ൽ ഓഡിറ്റ് എൻക്വയറി (നം.3 ) നൽകി. ആയതിന് 23.05.2022 ന് നൽകിയ മറുപടിയിൽ കുറവ് വന്ന തുക ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

നികുതി അടച്ചതിന്റെ വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 അങ്കണവാടി ഭക്ഷണവിതരണം - GST നല്കി

പഞ്ചായത്തിലെ അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിന് വേണ്ടി Ernakulam District Wholesale Co-operative Consumer Storeൽ നിന്ന് ഗോതമ്പ്, റവ, കപ്പലണ്ടി, വെളിച്ചെണ്ണ, അവൽ, എള്ള്, പഞ്ചസാര, ശർക്കര മുതലായവയും രാമമംഗലത്തെ Amrutham Food Supplement, എടയ്ക്കാട്ടുവയലിലെ Smart Plus Amrutham Food Products എന്നീ സ്ഥാപനങ്ങളിൽ നിന്നും ധാന്യപൊടികളായ അമൃതം , സഫല എന്നിവയും വാങ്ങിയിട്ടുണ്ട്. സ്ഥാപനങ്ങൾ നല്കിയ ബില്ലുകൾ പരിശോധിച്ചതിൽ നിന്നും മൂന്ന് സ്ഥാപനങ്ങൾക്കും GST അടക്കമുള്ള തുകയാണ് നല്കിയിട്ടുള്ളത് എന്ന് കാണുന്നു. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017-Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B)(ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് GST പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05 /2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അങ്കണവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് GSTബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. മുകളിൽ പരാമർശിച്ച സ്ഥാപനങ്ങൾക്ക് GST ഇനത്തിൽ നല്കിയ തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.13 തീയതി 23.05.2022) ഹാജരാക്കിയ മറുപടിയിൽ Ernakulam District Wholesale Co-operative Consumer Store ൽ നിന്നും 17.06.2021 മുതലുള്ള വാങ്ങലുകളിൽ GST ഉൾപ്പെടാത്ത തുകയാണ് നല്കുന്നതെന്ന് അറിയിച്ചു. അമൃതം ഉൾപ്പെടെയുള്ള ഫുഡ് സപ്ലിമെന്റുകൾ വാങ്ങുമ്പോൾ GST ഒഴിവാക്കുന്ന വിഷയത്തിൽ സർക്കാരിൽ നിന്നും കൂടുതൽ സ്പഷ്ടീകരണം ആവശ്യമാണ് എന്നും ഉത്തരവ് വരുന്നതുവരെ GST തുക നല്കുന്നതിന് വനിതാശിശുവികസന ഡയറക്ടറുടെ ICDS B3/13220-21 / 18.08.2021 നിർദ്ദേശപ്രകാരമാണ് നല്കിയതെന്നും അറിയിച്ചു. സർക്കാർ സ്പഷ്ടീകരണം അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം - അപാകതകൾ

മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ പകൽ പരിപാലനത്തിനും പുനരധിവാസ പരിശീലനങ്ങൾക്കുമായി സ്നേഹതീരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ മണീട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് കണ്ടെത്തിയ ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) ജി.ഓ.(എം.എസ്)നം. 144/2013/ത.സ്വ.ഭ.വ. തീ. 06.4.2013 പ്രകാരം പുറപ്പെടുവിച്ച ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തന മാർഗരേഖയിലെ ക്രമ നമ്പർ-14 പ്രകാരം സ്ഥാപനം ആരംഭിച്ച് 6 മാസത്തിനകം ദേശീയ വികലാംഗജന നിയമം അനുസരിച്ചുള്ള രജിസ്ട്രേഷൻ സാമൂഹ്യ നീതി വകുപ്പിൽ നിന്നും വാങ്ങേണ്ടതാണ്. 16.3.2016 ൽ സ്ഥാപനത്തിന് സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷൻ ലഭിച്ചു (സർട്ടിഫിക്കറ്റ് നമ്പർ-049/16, തീയതി 16.3.2016). 4 വർഷം ആയിരുന്നു സർട്ടിഫിക്കറ്റിന്റെ കാലാവധി. രജിസ്ട്രേഷൻ പുതുക്കി ലഭിക്കുന്നതിനായി 18.02.2020ൽ എ1-593/2020/18.02.2020 നമ്പർ ആയി ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് അപേക്ഷ നൽകിയെങ്കിലും രജിസ്ട്രേഷൻ നാളിതു വരെയായും പുതുക്കി ലഭിച്ചിട്ടില്ല. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ രണ്ടു വർഷത്തിലേറെയായി രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചു വരുന്നത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കണക്കാക്കുന്നു.

2) മാർഗരേഖയിലെ ക്രമ നമ്പർ 15പ്രകാരം, റീഹാബിലിറ്റേഷൻ വർക്കർ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം നേടിയിട്ടില്ലെങ്കിൽ മൂന്നു വർഷത്തിനുള്ളിൽ നേടേണ്ടതാണ്. മണീട് ബി.ആർ.സി.യിലെ വർക്കർ ശ്രീമതി ജിസ് ബി. ബേബിക്ക് നിശ്ചിത യോഗ്യതയില്ലാത്തതിനാൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം ലഭിച്ചിട്ടില്ല. നിലവിൽ പ്രവർത്തിച്ചു വരുന്നതും 2 വർഷത്തിലേറെ പ്രവൃത്തി പരിചയമുള്ളവരുമായ നിശ്ചിത യോഗ്യതയില്ലാത്ത അധ്യാപകരെ മതിയായ കാരണം കൂടാതെ ജോലിയിൽ നിന്നു മാറ്റി നിർത്താൻ സാധിക്കില്ലെന്ന് 07.02.18ലെ ജി.ഒ.(എം.എസ്) 20/2018/എൽ.എസ്.ജി.ഡി. ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും സ്പെഷ്യൽ എജ്യൂക്കേഷനിൽ ഡി.എഡ്. യോഗ്യതയുള്ള അധ്യാപികയുടെ സേവനം മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് ലഭിക്കുന്നില്ല എന്നത് വലിയ ഒരു പോരായ്മ തന്നെയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

3) 06.4.2013ലെ മാർഗരേഖ പ്രകാരം, സ്ഥാപനത്തിൽ ബി.ആർ.സി. വികസന മാനേജ്മെന്റ് സമിതി രൂപീകരിച്ച് 1955ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട് (നം.EKM/TC/467/2017, തീയതി 21.7.2017). എന്നാൽ മാനേജ്മെന്റ് സമിതിയുടെ വാർഷിക കണക്കുകൾ സംഘത്തിൽ നൽകി വർഷം തോറും രജിസ്ട്രേഷൻ പുതുക്കി ലഭ്യമാക്കിയിട്ടില്ല.

4) കോവിഡിനു മുൻപ് 2019-20വർഷം കുട്ടികളെ വീടുകളിൽ നിന്നും ബി.ആർ.സി.യിൽ എത്തിക്കാനും തിരിച്ചു കൊണ്ടുപോകാനും പ്രതിദിനം 1,250/-രൂപ നിരക്കിൽ ക്വട്ടേഷൻ മുഖേന വാഹനം ഏർപ്പെടുത്തിയിരുന്നു. ക്വട്ടേഷൻ ലഭിച്ച ടൈറ്റസ് സി.പി. എന്ന വ്യക്തിക്ക് 2020 മാർച്ച് മാസത്തെ വാഹന വാടക സ്പിൽ ഓവർ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി 2020-21 വർഷം നൽകിയിട്ടുണ്ട്. 3 ക്വട്ടേഷനുകൾ മാത്രമേ ഫയലിൽ ഉള്ളൂ. വാഹനത്തിന്റെ അനുബന്ധ രേഖകൾ ഒന്നും തന്നെ ഫയലിൽ ഇല്ല. 24 കുട്ടികൾ 2019-20 വർഷം പ്രതിദിനം വന്നിരുന്ന സ്ഥാപനത്തിൽ വാഹന സൗകര്യത്തിനായി ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ വാഹനത്തിന്റെ സീറ്റിംഗ് കപ്പാസിറ്റി എത്ര വേണമെന്ന് നിഷ്കർഷിച്ചിട്ടില്ല. ക്വട്ടേഷൻ ലഭിച്ച വ്യക്തിയായ ടൈറ്റസ് സി.പി. ഉൾപ്പെടെ ആരും തന്നെ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പെർമിറ്റ്, ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഡ്രൈവറുടെ ലൈസൻസ്, ബാഡ്ജ് തുടങ്ങിയ രേഖകൾ സമർപ്പിച്ചിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥയായ അസി.സെക്രട്ടറി ഓഡിറ്റ് വേളയിൽ ഹാജരാക്കിയ, വാഹനത്തിന്റെ RTO രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് പ്രകാരം ശ്രീ.ടൈറ്റസ് സി.പി.യുടെ ഉടമസ്ഥതയിലുള്ള KL-46-D-0877 നമ്പർ 5 Seater 2010 മോഡൽ മാരുതി സെഡാൻ കാറാണ് ടിയാൻ കുട്ടികളെ ബി.ആർ.സി.യിൽ എത്തിക്കാനും തിരിച്ചു കൊണ്ടുപോകാനും ഉപയോഗിച്ചിരുന്നത്. വളരെയധികം കുട്ടികൾ ഉള്ള ഒരു സ്ഥാപനത്തിന്റെ ആവശ്യത്തിന് മാരുതി സെഡാൻ കാർ ഉപയുക്തമാകുന്നത് എങ്ങനെയെന്ന് അറിയിക്കുവാനും വാഹനത്തിന്റെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്, 2019-20 വർഷം വാലിഡിറ്റി ഉണ്ടായിരുന്നത് ഹാജരാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 16/23.5.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസി.സെക്രട്ടറി നൽകിയ മറുപടിയിൽ പറഞ്ഞത് മഹീന്ദ്ര ബൊലേറോ വാഹനത്തിലാണ് കുട്ടികളെ എത്തിച്ചിരുന്നത് എന്നാണ്. ശ്രീ ടൈറ്റസ് സി.പി.യുടെ ഉടമസ്ഥതയിലുള്ള KL-39-L-4616 നമ്പരിലുള്ള വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും മറുപടിയോടൊപ്പം ഹാജരാക്കി. മാനസിക വെല്ലുവിളികൾ നേരിടുന്ന തികച്ചും

ദുർബലരായ കുട്ടികളെ ഏതിനം വാഹനത്തിലാണ് സ്കൂളുകളിൽ എത്തിച്ചിരുന്നതെന്നോ എല്ലാവർക്കും തൃപ്തികരമായ രീതിയിൽ വാഹന സൗകര്യം ലഭ്യമായിരുന്നോ എന്നുള്ള കാര്യങ്ങൾ നിർവ്വഹണോദ്യോഗസ്ഥ ഉറപ്പാക്കിയിട്ടില്ല.

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. സ്ഥാപനത്തിലെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സീറ്റിംഗ് കപ്പാസിറ്റിയുള്ള വാഹനം വാടകയ്ക്കെടുക്കേണ്ടതും വാഹനത്തിന്റെ രജിസ്ട്രേഷൻ, പെർമിറ്റ്, ഫിറ്റ്നെസ് രേഖകളും ഡ്രൈവറുടെ ലൈസൻസ് അടക്കമുള്ള രേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ എത്രയും വേഗം പുതുക്കി ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-29 ലൈഫ് ഭവന നിർമ്മാണം-ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസപ്പെടുത്തുന്നു

ലൈഫ് പദ്ധതിയുടെ ഭാഗമായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ജനറൽ വിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും 2020-21 വർഷം പ്രൊജക്റ്റ് രൂപീകരിച്ച് ഭവനനിർമ്മാണത്തിനായി യഥാക്രമം 16,40,000/-രൂപയും 10,40,000/- രൂപയും ചെലവഴിച്ചുവെങ്കിലും ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ, പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ലൈഫ് ഭവന നിർമ്മാണം(ജനറൽ)

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 92/2021 |
| പ്രൊജക്റ്റിന്റെ പേര് | ലൈഫ് -ഭവന നിർമ്മാണം(ജനറൽ) |
| അടങ്കൽ | 9,55,000/-(പൊതു വിഭാഗം വികസന ഫണ്ട്)<br>10,00,000/-(സംസ്ഥാന വിഹിതം)<br>4,50,000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>15,95,000/-(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 9,20,000/-(പൊതു വിഭാഗം വികസന ഫണ്ട്)<br>ബിൽ നമ്പർ-52/24.6.20,തുക-40,000/-<br>ബിൽ നമ്പർ-68/04.8.20,തുക-2,00,000/-<br>ബിൽ നമ്പർ-80/20.8.20,തുക-1,60,000/-<br>ബിൽ നമ്പർ-98/22.9.20,തുക-3,60,000/-<br>ബിൽ നമ്പർ-111/28.10.20,തുക-1,60,000/- |
| | 7,20,000/- (സംസ്ഥാന വിഹിതം)<br>വൗച്ചർ നമ്പർ-22000669/26.11.20,തുക-1,00,000/-<br>വൗച്ചർ നമ്പർ-22000753/28.12.20,തുക-1,00,000/-<br>വൗച്ചർ നമ്പർ-22000909/05.02.21,തുക-80,000/-<br>വൗച്ചർ നമ്പർ-22001009/10.03.21,തുക-3,20,000/-<br>വൗച്ചർ നമ്പർ-22001054/22.03.21,തുക-1,20,000/- |

പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 4,00,000/-രൂപ ചെലവഴിച്ചതിന്റെ ബില്ലും അനുബന്ധ രേഖകളും മാത്രമേ ഓഡിറ്റിൽ ഹാജരാക്കിയുള്ളൂ.(ബിൽ നമ്പർ-52/24.6.20,തുക-40,000/-,ബിൽ നമ്പർ-68/04.8.20,തുക-2,00,000/-,ബിൽ നമ്പർ-80/20.8.20,തുക-1,60,000/-).ടി ബില്ലുകൾ പ്രകാരം മത്തായി സി.എം, ഉഷ തോമസ് എന്നീ ഗുണഭോക്താക്കൾക്ക് 2,00,000/-രൂപ വീതം നൽകി.പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 5,20,000/-രൂപയും സ്റ്റേറ്റ് ഷെയറിൽ നിന്നും 7,20,000/-രൂപയും ചെലവഴിച്ചതിന്റെ രേഖകൾ, സാംഖ്യ ബിൽ, ഗുണഭോക്താക്കളുടെ അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ സഹിതം ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് 25.5.2022ൽ 30/20-21 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല.

2. ലൈഫ് ഭവന നിർമ്മാണം(എസ്.സി.പി.)

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 90/2021 |
| പ്രൊജക്റ്റിന്റെ പേര് | ലൈഫ് -ഭവന നിർമ്മാണം(എസ്.സി.പി.) |
| അടങ്കൽ | 10,50,000/-( എസ്.സി.പി.ഫണ്ട്) |
| ചെലവ് | 10,40,000/-<br>ബിൽ നമ്പർ-46/29.5.20,തുക-2,00,000/-<br>ബിൽ നമ്പർ-64/24.7.20,തുക-3,20,000/-<br>ബിൽ നമ്പർ-126/10.11.20,തുക-80,000/-<br>ബിൽ നമ്പർ-129/12.11.20,തുക-40,000/-<br>ബിൽ നമ്പർ-147/22.10.20,തുക-2,00,000/-<br>ബിൽ നമ്പർ-190/02.02.21,തുക-40,000/-<br>ബിൽ നമ്പർ-250/18.3.21,തുക-1,60,000/- |

ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി.ഫണ്ട്) എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി ആകെ 10,40,000/-രൂപ ചെലവഴിച്ചെങ്കിലും 5,20,000/- രൂപ ചെലവഴിച്ചതിന്റെ ബില്ലും അനുബന്ധ രേഖകളും മാത്രമേ ഓഡിറ്റിൽ ഹാജരാക്കിയുള്ളൂ (ബിൽ നമ്പർ-46/29.5.2020 പ്രകാരം ഉഷ രാജേന്ദ്രൻ, അംബിക വി. എന്നിവർക്ക് നൽകിയ 2,00,000/- രൂപയുടെയും ബിൽ നമ്പർ-64/24.07.2020 പ്രകാരം ഇതേ വ്യക്തികൾക്ക് 3,20,000/- രൂപ നൽകിയതിന്റെയും ബില്ലുകൾ). ബാക്കിയുള്ള 5,20,000/- രൂപ ചെലവഴിച്ചതിന്റെ രേഖകൾ, സാംഖ്യ ബിൽ, ഗുണഭോക്താക്കളുടെ അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ സഹിതം ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് 25.5.2022ൽ 31/20-21 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല.
ചെലവു രേഖകളുടെ അഭാവത്തിൽ, ലൈഫ് ഭവനനിർമ്മാണം (ജനറൽ) പദ്ധതി പ്രകാരം ചെലവഴിച്ച 12,40,000/- രൂപയും ലൈഫ് ഭവനനിർമ്മാണം (എസ്.സി.പി.) പദ്ധതി പ്രകാരം ചെലവഴിച്ച 5,20,000/- രൂപയും അടക്കം ആകെ 17,60,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ദുരന്തനിവാരണം - തീരുമാനങ്ങൾ നടപ്പാക്കിയില്ല.

2020-21 വർഷത്തെ വാർഷികപദ്ധതിയുടെ ഭാഗമായി 25.02.2020ൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ദുരന്തനിവാരണ സെമിനാർ സംഘടിപ്പിച്ചതിനു ശേഷം കമ്മിറ്റി രൂപീകരിച്ച് യോഗം ചേർന്നിട്ടില്ല. സെമിനാറിൽ അംഗങ്ങൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ് :-

1) വെള്ളപ്പൊക്കമുണ്ടാകുന്ന ഭാഗങ്ങൾ അടയാളപ്പെടുത്തുന്ന ബോർഡുകൾ സ്ഥാപിക്കുക.

2) പുഴയോരങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് ഈറ്റ, മുള പോലുള്ള വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കുകയും ഇവയുടെ തൈകൾ സൗജന്യമായി വിതരണം നടത്തുകയും ചെയ്യുക.

3) വള്ളം സ്വന്തമായിട്ടുള്ളവർ , NCC യിലെയും NSS ലെയും അംഗങ്ങൾ , രക്തദാനത്തിന് താല്പര്യമുള്ളവർ തുടങ്ങിയവരുടെ ലിസ്റ്റ് തയ്യാറാക്കുക.

4) വാർഡുകൾ തോറും ദുരന്തനിവാരണസേന രൂപീകരിക്കുക.

5) സർവീസിൽ നിന്നും വിരമിച്ചവരുടെ സേവനം ആരോഗ്യമേഖലയിൽ ഉറപ്പുവരുത്തുക.

6) ആശുപത്രികൾ, പൊലീസ് സ്റ്റേഷൻ, ആംബുലൻസ് എന്നിവയുടെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെയും ഫോൺ നമ്പറുകൾ കാർഡിൽ അച്ചടിച്ച് എല്ലാ വാർഡുകളിലും വിതരണം ചെയ്യുക.

പക്ഷേ നാളിതുവരെ ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ദുരന്തനിവാരണ കമ്മിറ്റി രൂപീകരിച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-31 കളക്ടേഴ്സ് @ സ്കൂൾ പദ്ധതി - മിനി എം.സി.എഫുകൾ ടെൻഡർ ഒഴിവാക്കി കാഡ്കോ-യിൽ നിന്നും നേരിട്ട് വാങ്ങി

വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥയായി കളക്ടേഴ്സ് @ സ്കൂൾ പദ്ധതി (മിനി എം.സി.എഫ്) എന്ന പ്രൊജക്ട് പ്രകാരം (നം. 141/21) പഞ്ചായത്ത് പരിധിയിലെ 6 സ്കൂളുകളിൽ 4 എണ്ണം വീതം ആകെ 24 വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കുകയും നിർവ്വഹണ ഏജൻസിയായ കാഡ്കോയ്ക്ക് ഒരു ബിന്നിന് യൂണിറ്റ് കോസ്റ്റായ 5,300/- രൂപ നിരക്കിൽ 24 എണ്ണത്തിന് 1,27,128/- രൂപ ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്നും നൽകുകയും ചെയ്തു. സ.ഉ.(സാധാ) നം.760/2016 /ത.സ്വ.ഭ.വ, തീയതി 24.02.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ശുദ്ധജല, ശുചിത്വ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാനും പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാനും സ്ഥിരമായി അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത് സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനാണ്. കാഡ്കോയ്ക്ക് ശുചിത്വ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് സർക്കാരിൽ നിന്നും അക്രഡിറ്റേഷൻ ലഭിച്ചിട്ടില്ല. കാഡ്കോ ശുചിത്വ മിഷൻ അംഗീകരിച്ച സേവന ദാതാവുമല്ല. യൂണിറ്റ് കോസ്റ്റും സ്പെസിഫിക്കേഷനും ശുചിത്വമിഷൻ നിർണയിച്ചു നൽകിയിരുന്നതിനാൽ ടെൻഡർ നടപടി മുഖേന യൂണിറ്റ് കോസ്റ്റിലും കുറഞ്ഞ നിരക്കിൽ ബിന്നുകൾ ലഭ്യമാക്കുന്നതിനു പകരം ടെൻഡർ ഒഴിവാക്കി കാഡ്കോയിൽ നിന്നും ബിന്നുകൾ നേരിട്ട് വാങ്ങിയ നടപടി ക്രമവിരുദ്ധമാണ്. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 1-32 വി.ഇ.ഓ.യുടെ പ്രൊജക്ടുകൾ - വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ അപാകതകൾ

വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ, ഉറവായ കിണറുകൾ ശുചിത്വ കിണറുകൾ ആക്കി മാറ്റൽ തുടങ്ങിയ പ്രൊജക്ടുകളിൽ അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആണ് ധനസഹായം നൽകേണ്ടതെന്ന് പദ്ധതി മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മണീട് പഞ്ചായത്തിൽ ഓവർസിയറാണ് വാല്യുവേഷൻ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ഇത് അനുവദനീയമല്ല. അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം ധനസഹായം നൽകേണ്ടതാണ്.

പ്രൊജക്ട് നമ്പർ95/21-ഉറസ്സായ കിണറുകൾ ശുചിത്വകിണറുകൾ ആക്കി മാറ്റൽ (പട്ടികജാതി) എന്ന പ്രൊജക്ട് പ്രകാരം 3 ഗുണഭോക്താക്കൾക്ക് 6,500/-രൂപ വീതവും 2ഗുണഭോക്താക്കൾക്ക് 6,800/- രൂപ വീതവും ആകെ 33,100/-രൂപ എസ്.സി.പി. ഫണ്ടിൽ നിന്നും സബ്സിഡി നൽകി. എന്നാൽ ഓവർസിയർ ഒപ്പിട്ട വാല്യുവേഷൻ സർട്ടിഫിക്കറ്റുകളിലെ തീയതി 18.3.22 ആണ്. പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം ധനസഹായം നൽകുന്നതിനു മുൻപു തന്നെ ഫീൽഡിൽ പോയി വാല്യുവേഷൻ എടുക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ധനസഹായം അനുവദിക്കേണ്ടതുമാണ്.

## 1-33 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു

1992-93 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് മുതൽ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് വരെ ആകെ 24

റിപ്പോർട്ടുകളിലായി 176 പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. 2015-16 മുതൽ 2019-20 വരെയുള്ള അവസാന അഞ്ച് വർഷങ്ങളിലെ തീർപ്പാക്കാനവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1) 2015-16 വർഷത്തെ പ്രധാന ഓഡിറ്റ് പരാമർശമായ ചുണ്ടമല എസ്.എൻ.ഡി.പി. റോഡ് ടാറിംഗ് (പ്രൊജക്ട് നം. S0048/15, S0088/16) പ്രവൃത്തി പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുകയോ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ റീ-ടെണ്ടർ നടത്തി പ്രൊജക്ട് സമയബന്ധിതമായി നടപ്പിലാക്കുകയോ ചെയ്യേണ്ടതാണ് എന്നത് തീർപ്പാക്കുന്നതിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

2) 2016-17 വർഷ റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി കെട്ടിടം നിർമ്മിക്കുന്നതിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ് എന്ന പരാമർശം ഇതുവരെ തീർപ്പാക്കിയിട്ടില്ല

3) കാലിവീപ്പയുടെ വില ഈടാക്കാതിരുന്നത്, വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല തുടങ്ങി 2017-18 വർഷത്തെ റിപ്പോർട്ടിലെ പരാമർശങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു.

4) മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത പ്രൊജക്ടുകൾ സംബന്ധിച്ച പരാമർശവും ഇ-ടെണ്ടർ ഫീസ് ലഭിക്കാത്തത് സംബന്ധിച്ച പരാമർശവും 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിലനിൽക്കുന്നു.

5) 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന രോഗീ-ബന്ധു സംഗമത്തിലെ അപാകതകൾ, വെള്ളക്കരം അടവാക്കാതിരിക്കുന്നത്, സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ, ആസ്തി മാനേജ്മെന്റ് കാര്യക്ഷമമല്ല തുടങ്ങിയവ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല .

കഴിഞ്ഞ 5 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിലെ പ്രധാന പരാമർശങ്ങളാണ് ഇവ. ഇവയും 1992-93 മുതൽ 2014-15 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിലനിൽക്കുന്ന പരാമർശങ്ങളും തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കിടാരിയെ വാങ്ങിയതിന് യൂണിറ്റ് കോസ്റ്റിനേക്കാൾ കൂടുതൽ തുക നല്കി

| | | |
|---|---|---|
| പ്രൊജക്ട് നം.,പേര് | 259/21 ,പട്ടികജാതി വനിതകൾക്ക് പശുവിനെ വാങ്ങൽ | |
| അടങ്കൽ | 7,20,000 /- (വികസനഫണ്ട് -SCP)<br>2,40,000 /- (മറ്റുള്ളവ)<br>ആകെ അടങ്കൽ 9,60,000 /- | |
| ചെലവ് | 9,60,000 /- | 1)BRN 1361922 ; 25.03.21 - 3,60,000 /- |
| | | 2)BRN 1374508 ; 26.03.21 – 2,70,000 /- |
| | | 3)BRN 1422347 ; 29.03.21 – 90,000 /- |
| നിർവ്വഹണഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | |

പട്ടികജാതിയിൽപ്പെട്ട വനിതകൾക്ക് 60,000/- രൂപ വില വരുന്ന കറവപ്പശുവിനെ വാങ്ങുവാൻ 75 % സബ്സിഡി തുകയായ 45,000/- രൂപ നല്കുന്നതിന് നടപ്പാക്കിയ ഈ പദ്ധതി പ്രകാരം 16 വനിതകൾ പശുവിനെ വാങ്ങിയിട്ടുണ്ട്. പശുവിനെ വിൽക്കുന്ന ആളുടെ അക്കൗണ്ടിലേക്ക് 45,000/- യ്ക്ക് പുറമേ 15,000/- രൂപ ഗുണഭോക്താവും കൈമാറിയിട്ടുണ്ട്. പശുക്കളുടെ ഇൻഷ്വറൻസ് വിവരങ്ങളും പർച്ചേസിംഗ് കമ്മിറ്റിയുടെ നടപടിക്രമങ്ങളിലെ പശുവിവരണം പ്രകാരവും 11ഗുണഭോക്താക്കൾ കറവപ്പശുവും 5 പേർ ഗർഭിണി കിടാരിയുമാണ് വാങ്ങിയിട്ടുള്ളത്. ജില്ലാ കളക്ടറുടെ 20.03.20ലെ ഉത്തരവ് നം.61139/20ഡിപിസി /ഡിപിഒ /ഇകെഎം പ്രകാരം മൃഗസംരക്ഷണമേഖലയുൾപ്പെടെയുള്ളവയിൽ വിതരണം ചെയ്യുന്ന ഇനങ്ങളുടെ അംഗീകരിക്കാവുന്ന പരമാവധി യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുണ്ട് . ഇത് പ്രകാരം കറവപ്പശുവിന് 60,000/- രൂപയും ഗർഭിണി കിടാരിക്ക് 35,000/- രൂപയുമാണ് അംഗീകരിക്കാവുന്ന പരമാവധി യൂണിറ്റ് കോസ്റ്റ്. 14.02.18 ലെ സ.ഉ(കൈ)നം.22/2018/ തസ്വഭവ ഉത്തരവ് പ്രകാരം പട്ടികജാതിയിൽപ്പെട്ടവർക്ക് ഗർഭിണി കിടാരിയെ വാങ്ങുന്നതിന് തദ്ദേശസ്ഥാപനത്തിന് നല്കാവുന്ന സബ്സിഡി, യൂണിറ്റ് കോസ്റ്റിന്റെ 75 % ആണ്. എന്നാൽ ഈ പദ്ധതി പ്രകാരം ഗർഭിണിയായ കിടാരിയെ വാങ്ങിയ ഗുണഭോക്താക്കൾക്ക് യൂണിറ്റ് കോസ്റ്റിലും കൂടുതൽ തുക (45,000/-) സബ്ഡിഡി നല്കി. വിശദാംശങ്ങൾ താഴെ പറയുന്നു .

| ക്രമ നം. | ഗുണഭോക്താവ് | കിടാരിയെ നല്കിയത് ,തുക കൈപ്പറ്റിയ തീയതി | കിടാരിയുടെ വിവരം |
|---|---|---|---|
| 1 | ഓമന അയ്യപ്പൻകുട്ടി | എ.സി.രാജു , 26.03.21 | രണ്ടര വയസ്സ് , 7 മാസം ഗർഭിണി |
| 2 | രതമ്മ റെജി | ബിനോയ്.എം.ടി, 26.03.21 | രണ്ടര വയസ്സ് ,9 മാസം ഗർഭിണി |

| | | | |
|---|---|---|---|
| 3 | തങ്കമണി | നിഷ ദിവാകരൻ, 26.03.21 | രണ്ടര വയസ്സ് , 7 മാസം ഗർഭിണി |
| 4 | ഭവാനി സുകുമാരൻ | ഇ.വി.സലിം രാജ് ,26.03.21 | മൂന്ന് വയസ്സ് ,9 മാസം ഗർഭിണി |
| 5 | അംബിക കുമാരൻ | കുറുംബ കുറുമ്പൻ, 26.03.21 | രണ്ടര വയസ്സ് , 7 മാസം ഗർഭിണി |

ഗർഭിണിയായ കിടാരിയെ വാങ്ങുന്നതിന് നല്കിയ തുകക്ക് സാധൂകരണം ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.7,20.05.22)ഹാജരാക്കിയ മറുപടിയിൽ പശുവിനെലഭിക്കുവാൻ ബുദ്ധിമുട്ടായിരുന്നുവെന്നും ഫണ്ട് ലാപ്സാകുന്ന സാഹചര്യത്തിലാണ് പ്രസവിക്കാറായതും 60,000/- രൂപ വിലവരുന്നതുമായ നല്ലയിനം കിടാരികളെ വാങ്ങുന്നതിന് സബ്സിഡിയായി 45,000/- രൂപ അനുവദിച്ചതെന്നുമാണ് അറിയിച്ചത്. ഗർഭിണിയായ കിടാരിക്കും കറവപ്പശുവിനും ജില്ലാതലത്തിൽ പ്രത്യേകം യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളതിനാലും സർക്കാർ ഓരോന്നിനും പ്രത്യേക മാനദണ്ഡങ്ങൾ നിഷ്കർഷിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലും മറുപടി അംഗീകരിക്കാനാകില്ല .

കിടാരിയെ വാങ്ങുന്നതിന് അനുവദിക്കാവുന്ന സബ്സിഡി - 26,250/-

(35,000/- ന്റെ 75 %)

നല്കിയ സബ്സിഡി - 45,000/-

അധികം നല്കിയ തുക= 18,750/-(45,000 – 26,250)

5 പേർക്ക് അധികം തുക നല്കിയിട്ടുള്ളതിനാൽ അധികമായി ആകെ നല്കിയ 93,750/- രൂപ ബന്ധപ്പെട്ടവരിൽ നിന്നീടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ് .

## 3-2 അനുവദനീയമായ പരമാവധിയിലും കൂടുതൽ തുക സബ്സിഡി നല്കി

| | | |
|---|---|---|
| പ്രൊജക്ട് നം.,പേര് | 24/21 , ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | |
| അടങ്കൽ | 5,00,000 /- (വികസനഫണ്ട്)<br>9,00,000 /- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>4,50,000 /-(ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ അടങ്കൽ 18,50,000 /- | |
| ചെലവ് | 5,00,000 /- (വികസനഫണ്ട്)<br>6,00,000 /- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>2,24,000 /-(ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ ചെലവ് 13,24,000 /- | BRN 671241/28.10.20 – 3,00,312 /-<br>BRN 962833/19.01.21 – 1,99,688 /-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം , ജില്ലാ പഞ്ചായത്ത് വിഹിതം -നേരിട്ടുള്ള ചെലവ് |
| നിർവ്വഹണഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | |

ക്ഷീരസംഘങ്ങൾ മുഖേന പാൽ വിതരണം ചെയ്ത കർഷകർക്ക് അളക്കുന്ന പാലിനനുസരിച്ച് സബ്ഡിഡി നല്കുന്നതിന് നടപ്പാക്കിയതാണ് ഈ പദ്ധതി. 14.02.18 ലെ സ.ഉ.നം.22/18 ,തദ്ദേശസ്വയംഭരണ സർക്കാർ ഉത്തരവ് പ്രകാരം ഒരു കർഷകന് വർഷത്തിൽ നല്കാവുന്ന പരമാവധി സബ്സിഡി 40,000 /- രൂപയാണ് . ബില്ലുകളിലെ തുകകൾ നിക്ഷേപിച്ച അക്കൗണ്ടുകളുടെ വിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഷിജു തോമസ് എന്ന കർഷകന്റെ അക്കൗണ്ടിലേക്ക് (യൂണിയൻ ബാങ്ക് / അക്കൗണ്ട് നം.757802010002938) പരമാവധിയിലും കൂടുതൽ തുക കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു .

| ക്രമ നം. | ട്രഷറി ബില്ലിന്റെ വിവരം | കൈമാറിയ സബ്സിഡി തുക |
|---|---|---|
| 1 | BRN 671241/28.10.20 – 3,00,312 /- | 12,004/- |
| 2 | ജില്ലാ പഞ്ചായത്ത് വിഹിതം | 9,379/- |
| 3 | BRN 962833/19.01.21 – 1,99,688 /- | 5,358/- |
| 4 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 18,616/- |
| | ആകെ നല്കിയ സബ്സിഡി | 45,357/- |

നല്കാവുന്ന പരമാവധി സബ്സിഡി 40,000/- ആണെന്നിരിക്കെ അതിലും കൂടുതൽ തുക സബ്സിഡി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.14,23.05.22) കൂടുതൽ തുക കൈമാറിയത് അറിഞ്ഞിരുന്നില്ല എന്നാണ് അറിയിച്ചത്. സബ്സിഡിയിനത്തിൽ അധികമായി അനുവദിച്ച 5,357/- രൂപ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ് .

## 3-3 ഡാറ്റ തയ്യാറാക്കിയതിൽ ഏകരൂപമില്ല.

ഗ്രാമ പഞ്ചായത്തിൽ സ്റ്റെയിലൻസ് സ്റ്റീൽ ലെറ്റർ സ്ഥാപിക്കൽ പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിൽ വ്യത്യസ്ത നിരക്ക് അനുവദിച്ചതിനാൽ അധിക തുക നൽകിയതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | SO 128/20-21 |
| പ്രൊജക്ടിന്റെ പേര് | അംബേദ്കർ കമ്മ്യൂണിറ്റി ഹാളിന് ആർച്ച് സ്ഥാപിക്കൽ |
| എസ്റ്റിമേറ്റ് തുക | 100000/- |
| ഫണ്ടിനം | എസ് സി പി - 93485<br>തനത് ഫണ്ട് - 6515<br>ആകെ - 100000/- |
| അംഗീകാരം | 042/MaGP/19-20/15.01.2020<br>എ എക്സ് ഇ , മുളന്തുരുത്തി ബ്ലോക്ക് |
| എം ബുക്ക് നം | 298/AEE/19-20 |
| ചെലവ്/<br>ബിൽ നം | 99979.77/-<br>414/31.03.2021 |
| കരാറുകാരൻ | കെ കെ ജോർജ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി: എഞ്ചിനീയർ |

എസ്റ്റിമേറ്റിലെ ഇനം 3 ന്റെ വിശദ വിവരം താഴെ ചേർക്കുന്നു.(Cost Index 39.89)

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| Odt 472016/2019-20<br>PROVIDING AND FIXING STAINLESS STEEL LETTERS OF HEIGHT 30 CM(MALAYALAM) | 21 | 1789.44 | 37578.24 |

2020-21 ൽ തന്നെ നടപ്പാക്കിയ SO 164/20-21, പഞ്ചായത്ത് ട്രെയിനിംഗ് സെന്ററിന് ബോർഡ് സ്ഥാപിക്കൽ എന്ന പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ ഇനം 1 ന്റെ വിവരം താഴെ ചേർക്കുന്നു.(Cost Index 39.89)

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| Odt 361766/2019-20<br>PROVIDING AND FIXING STAINLESS STEEL LETTERS OF HEIGHT 30 CM(MALAYALAM) | 40 | 1243.17 | 49726.80 |

ഒരേ കാലയളവിൽ ഒരേ കോസ്റ്റ് ഇൻഡക്സ് പ്രകാരം ചെയ്ത പ്രവൃത്തിയിൽ വ്യത്യസ്ത നിരക്ക് നൽകിയതിനാൽ പ്രൊജക്ട് നം SO 128/20-21 ൽ താഴെ പറയും പ്രകാരം 11471.67രൂപ അധികം നൽകിയതായി കാണുന്നു.

| | |
|---|---|
| എം ബുക്ക് പേജ് നം | 8 |
| എണ്ണം | 21 |
| നൽകിയ നിരക്ക് | 1789.44 |
| നൽകിയ തുക | 37578.24 |
| നൽകാവുന്ന നിരക്ക് | 1243.17 |
| നൽകാവുന്ന തുക | 26106.57 |
| അധികം | 11471.67 |

അധിക തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 20.05.2022 ൽ ഓഡിറ്റ് എൻക്വയറി ( നം 9 ) നൽകി. ആയതിന് 23.05.2022 ന് നൽകിയ മറുപടിയിൽ പ്രൈസ് എസ്റ്റിമേറ്റുകൾ പല പഞ്ചായത്തുകളുടേയും പരിശോധിച്ചതിൽ കൂടുതൽ റേറ്റ് നൽകുന്നുണ്ടെന്ന് അറിഞ്ഞതിനു ശേഷമാണ് കൂടിയ നിരക്ക് നൽകിയത് എന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

വ്യക്തമായ മാർക്കറ്റ് സ്റ്റഡി നടത്തി ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടതും ഡാറ്റയിൽ ഏകരൂപം ഉണ്ടാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 898875 | സമഗ്രനെൽകൃഷിവികസനം | 898875 | 0 |

| | | | | | |
|---|---|---|---|---|---|
| | | 224000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 224000 | 0 |
| | | 396800 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 396800 | 0 |
| ആകെ | | 1519675 | | 1519675 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 900000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി(സ്പിൽ ഓവർ) | 900000 | 0 |
| | | 533564 | രാജീവ് ഗാന്ധി കോളനി കമ്മ്യൂണിറ്റി ഹാൾ നവീകരണം | 533564 | 0 |
| | | 600000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 600000 | 0 |
| | | 219150 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 219150 | 0 |
| ആകെ | | 2252714 | | 2252714 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | പാമ്പ്രകോളനി സമഗ്രവികസനം | 93215 | 6785 |
| | | 1500000 | അത്തുടിത്താഴം കോളനി സമഗ്രവികസനം | 1246549 | 253451 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 400000 | മുടക്കിത്താഴം നീർക്കുഴി റോഡ് | 400000 | 0 |
| | | 500000 | പാമ്പ്ര കോളനി സമഗ്ര വികസനം | 500000 | 0 |
| | | 1088649 | വെട്ടിത്തറ ചെറിക്കിൻ കുഴി റോഡ് | 991418 | 97231 |

2019-20 ൽ ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയിൽ തൻവർഷം ചെലവഴിച്ച 22,39,764/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിച്ച 18,91,418/- രൂപയും 2020-21 വർഷത്തെ വാർഷികധനകാര്യപത്രികയിൽ ചെലവായി കാണിച്ചിട്ടില്ല .

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ വലിക്കൽ | 22000976 | 123000 | 0 | 123000 |
| കെ.എസ്. ഇ. ബി | പാമ്പ്ര കോളനി സ്ട്രീറ്റ് മെയിൻ വലിക്കൽ | 22000271 | 65520 | 0 | 65520 |
| കെ.എസ്. ഇ. ബി | ARWSS Drinking Water – സ്ട്രീറ്റ് മെയിൻ വലിക്കൽ | 22000272 | 20760 | 0 | 20760 |
| കെ.എസ്. ഇ. ബി | രാജീവ് ഗാന്ധി കീഴേത്തുമുറി SCകോളനി-സ്ട്രീറ്റ് മെയിൻ വലിക്കൽ | 22000434 | 76000 | 0 | 76000 |
| KSEB | കാശിമനപ്പടി ലൈൻ ഷിഫ്റ്റിംഗ് | 22000433 | 13564 | 0 | 13564 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ HUDCO | സ.ഉ (കൈ) 2278/2018/ ത.സ്വ.ഭ.വ./ 18.8.2018 | 54,22,329.00 | 46,28,212.00 | 7,89,882.00 | 0 | 38,38,330.00 |

തൻവർഷത്തെ വികസനഫണ്ട് (ജനറൽ) അലോക്കേഷനിൽ നിന്നും ഉൽഭവത്തിൽ കുറവ് ചെയ്ത 5,85,098/- രൂപയും വികസനഫണ്ട് (എസ്.സി.പി) അലോക്കേഷനിൽ നിന്നും ഉൽഭവത്തിൽ കുറവ് ചെയ്ത 2,04,784/- രൂപയും ഉൾപ്പെടെയുള്ള തുക

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,00,000.00 |
| തൻവർഷം നിക്ഷേപിച്ച തുക- പലിശ | 0.00 |
| ആകെ | 1,00,000.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,00,000.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | രസീത് നമ്പർ | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | മണീട് സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് | FD 88759/15.5.2020 | 50,000.00 |
| 2 | മണീട് സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് | FD 86586/26.1.2021 | 50,000.00 |
| ആകെ | | | 1,00,000.00 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,69,17,570 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,18,75,910 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 99,107 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,32,916 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | --- | 93,750 | ഡോ.രഞ്ജിത്ത് കൃഷ്ണൻ ,വെറ്ററിനറി സർജൻ |
| 3-2 | --- | 5,357 | ശ്രീമതി ജയ , ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | | 99,107 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 12,091 | ശ്രീ ബേബി.കെ.സി ,ഹെഡ് മാസ്റ്റർ ,LPS ,ഏഴക്കരനാട് |
| 1-23 | 3,00,000 | ശ്രീമതി ആഭ രാജ് ,കൃഷി ഓഫീസർ ,മണീട് |
| 1-24 | 60,825 | ശ്രീമതി സീജ ജോസഫ് ,സെക്രട്ടറി ,മണീട് ഗ്രാമപഞ്ചായത്ത് |
| 1-29 | 17,60,000 | ശ്രീ ശിവൻ.കെ.കെ , വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 21,32,916 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 16,365 | സൗമ്യ ജി., അസിസ്റ്റന്റ് എഞ്ചിനീയർ,മണീട് |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.രഞ്ജിത്ത് കൃഷ്ണൻ , വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | വല്ല്യത്തോട്ടത്തിൽ , തലയോലപ്പറമ്പ് പി.ഒ |
| ശ്രീമതി ജയ | ഡയറി ഫാം ഇൻസ്ട്രക്ടർ<br>ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റ് , മുളന്തുരുത്തി | ആർദ്രം, ഉദയംപേരൂർ |
| ശ്രീ ബേബി.കെ.സി | ഹെഡ് മാസ്റ്റർ, LPS ,ഏഴക്കരനാട് | കുറുങ്ങാട്ടിൽ, ഏഴക്കരനാട് പി.ഒ |
| ശ്രീമതി ആഭാ രാജ് | കൃഷി ഓഫീസർ | തേരാക്കൽ ഹൗസ് , പാലസ് ലെയ്ൻ , കുരീക്കാട് |
| ശ്രീമതി സീജാ ജോസഫ് | സെക്രട്ടറി | പുന്നയ്ക്കൽ വീട് , ബിന്നി റോഡ് ,പള്ളുരുത്തി പി.ഒ, കൊച്ചി-6 |
| ശ്രീ ശിവൻ.കെ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | കിഴക്കേടത്ത്, കുസുമഗിരി, കൊച്ചി-30 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 & 1993-94 | എൽ.എഫ്.ഇ (പി.9) 826/13/ 16.8.2013 | 21 |
| 1994-95 | -ടി- | 6 |
| 1995-96 | -ടി- | 1 |
| 1997-98 | കെ.എസ്.എ.ഇ.കെ.എം. (പി.9) 781/15/ 28.9.2015 | 5 |
| 1998-99 (വരവ്) | -ടി- | 1 |
| 1998-99 (ചെലവ്) | -ടി- | 20 |
| 1999-2000 (വരവ്) | -ടി- | 1 |
| 1999-2000 (ചെലവ്) | എൽ.എഫ്.ഇ.(പി1) 1740/07 തി.28.03.09 | 1 |
| 2000-01 (വരവ്) | എൽ.എഫ്.ഇ. (പി1)1739/07 തി. 17.09.09 | 6 |
| 2000-01 (പദ്ധതി) | എൽ.എഫ്.ഇ. (പി1)1291/03 തി. 16.4.14 | 13 |
| 2002-03 | എൽ.എഫ്.8718/ Spl.Cell/ SC/C.3/08 തി. 30.4.12 | 8 |
| 2004-05 | എൽ.എഫ്.ഇ.(പി9) 2180/13 തി.10.12.13 | 25 |
| 2005-06 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/I/ 2018/14.9.2018 | 2 |
| 2006-07 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/II/ 2018/14.9.2018 | 2 |
| 2007-08 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/III/ 2018/14.9.2018 | 2 |
| 2008-09 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/IV/ 2018/14.9.2018 | 1 |
| 2009-10 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/V/ 2018/14.9.2018 | 5 |
| 2010-11 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/VI/ 2018/14.9.2018 | 8 |
| 2011-12& 2012-13 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/VII/ 2018/14.9.2018 | 8 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/VIII/ 2018/14.9.2018 | 3 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി.6) 2266/18/7.5.2019 | 4 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1071/2020/14.12.2020 | 4 |
| 2017-18 | -ടി- | 13 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1696/2019/10.08.2020 | 6 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(പി.6) 485/2021 / 23.03.2021 | 35 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്